VOL NO: 10 I ISSUE 21

# നേർപഥം
വാരിക

www.nerpatham.com I mail@nerpatham
2026 MAY 23 I ₹10



# ആദർശ പിതാവിന്റെ ധർമസമര പാത

ജീവിതത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽ, അതികഠിനമായ പരീക്ഷണങ്ങളിലൂടെ കടന്നുപോവുകയും അതിൽ ഒന്നിൽപോലും കാലിടറാതെ അതിജയിക്കുകയും ചെയ്ത ത്യാഗത്തിന്റെ ചരിത്രമാണ് ഖലീലുല്ലാഹി ഇബ്റാഹീം നബി(അ)ക്ക് പറയാനുള്ളത്. ലോകാവസാനം വരെയുള്ള വിശ്വാസികൾക്കിടയിൽ, ആദർശപിതാവെന്ന വിശേഷണത്തിന് അദ്ദേഹത്തെ അർഹനാക്കുന്നതും മറ്റൊന്നല്ല.

## നബി(സ)യുടെ ഹജ്ജ് യാത്ര: ചരിത്രവും പാഠങ്ങളും

## അബുൽകാസിം അസ്സഹറാവി: ശസ്ത്രക്രിയയുടെ അധിപൻ

## കേരളം മതനിരപേക്ഷമാണ്

മെഹബൂബ് മദനി ഒറ്റപ്പാലം • ടി.കെ. അശ്റഫ് • യൂസുഫ് നദ്‌വി ഓച്ചിറ




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

487

# നേർപഥം വാരിക

2026 മെയ് 23
1447 ദുൽഹിജ്ജ 07
പുസ്തകം 10 / ലക്കം 21






Managing Editor: **Nasir Balusseri**
Editor: **Usman Palakkazhi**
Chief Editor: **Anil Primrose**

Cover: **Anil**
Design & Layout: **Musthafa Mannarottil**
Web Editor: **Haseeb Elayur**

Printed, published & owned by: **K. Sajjad**
Printed at : **Sprint Offset Printers, Kozhikode**
Published at : **Kozhikode - 673 002**


കവർ സ്റ്റോറി




മെഹബൂബ് മദനി ഒറ്റപ്പാലം

ജീവിതത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽ, അതികഠിനമായ പരീക്ഷണങ്ങളിലൂടെ കടന്നുപോവുകയും അതിൽ ഒന്നിൽപോലും കാലിടറാതെ അതിജയിക്കുകയും ചെയ്ത ത്യാഗത്തിന്റെ ചരിത്രമാണ് ഖലീലുല്ലാഹി ഇബ്‌റാഹീം നബി(അ)ക്ക് പറയാനുള്ളത്. ലോകാവസാനം വരെയുള്ള വിശ്വാസികൾക്കിടയിൽ, ആദർശപിതാവെന്ന വിശേഷണത്തിന് അദ്ദേഹത്തെ അർഹനാക്കുന്നതും മറ്റൊന്നല്ല.


**05** മുഖമൊഴി
വിദ്വേഷം വിശ്വാസികൾക്ക് അന്യം

**06** ലേഖനം
നബി(സ്വ)യുടെ ഹജ്ജ് യാത്ര: ചരിത്രവും പാഠങ്ങളും
ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**08** ആരോഗ്യപഥം
കുട്ടികളിലെ കൂർക്കംവലി
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

**18** കാഴ്ച
അകക്കണ്ണിന്റെ വെളിച്ചം
ഹുസ്‌ന മലോറം

**19** കവിത
എന്നുമ്മ
ഹുസ്‌ന പുലത്ത്

**20** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**23** ലേഖനം
അബുൽക്വാസിം അസ്സഹ്റാവി: ശസ്ത്രക്രിയയുടെ അധിപൻ
ഡോ. ടി. കെ. യൂസുഫ്

**26** ലേഖനം
ജനവിധിയിലെ തിരിച്ചറിവുകൾ
നബീൽ പയ്യോളി

**30** നമുക്കുചുറ്റും
കേരളം മതനിരപേക്ഷമാണ്
ടി.കെ അശ്റഫ്

**33** പുതുനാമ്പുകൾ
വേദന എനിക്കുമാത്രമോ?
ബിസ്മിത.എം

**34** കവിത
നിർഭയത്വത്തിന്റെ മാർഗം
മുഹ്സിന ചിറക്കൽപടി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# സൗദി രാജാവിന്റെ അതിഥിയായി കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഹജ്ജിന് പുറപ്പെട്ടു

ഡൽഹി: സൗദി രാജാവിന്റെ അതിഥിയായി ഈ വർഷത്തെ ഹജ്ജ് കർമം നിർവഹിക്കുന്നതിനായി പുറപ്പെട്ട, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റും പണ്ഡിതസഭ ചെയർമാനുമായ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഡൽഹിയിൽ എത്തിച്ചേർന്നു.

ഡൽഹിയിലെത്തിയ പറപ്പൂരിനെ കെഎംസിസി പ്രസിഡന്റും മർഹൂം ഇസ്ഹാഖ് മൗലവിയുടെ (മലപ്പുറം) പൗത്രനുമായ അബ്ദുൽ ഹലീമും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പ്രവർത്തകരും മറ്റു സുഹൃത്തുക്കളും ചേർന്ന് സ്വീകരിച്ചു.

ഡൽഹിയിലെ ഖാഇദെ മില്ലത്ത് സെന്ററിൽ (IUML National Headquarters) വെച്ച് കെഎംസിസി പ്രവർത്തകരും ജാമിഅ അൽഹിന്ദിയിൽനിന്ന് കോഴ്‌സ് പൂർത്തിയാക്കി ഡൽഹിയിൽ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്ന ഹികമി പ്രതിഭകളും ഒത്തുചേർന്ന് ഹൃദ്യമായ ഒരു യാത്രയയപ്പ് സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി.

എല്ലാ ഔദ്യോഗിക പരിപാടികളും പൂർത്തിയാക്കി മെയ് 19ന് വിശുദ്ധ മക്ക ലക്ഷ്യമാക്കി യാത്ര തിരിച്ചു.

# വിസ്ഡം ഹെൽത്ത് കെയർ വിംഗ് സ്റ്റേറ്റ് വർക്ഷോപ്പ് സമാപിച്ചു

കോഴിക്കോട്: ആരോഗ്യ വിഷയങ്ങളിൽ ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും നടപ്പിലാക്കുകയും ചികിത്സാ മാർഗനിർദേശങ്ങൾ നൽകുകയും വളണ്ടിയർ സേവനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക തുടങ്ങിയ ദൗത്യങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകാൻ പ്രവർത്തകരെ സജ്ജരാക്കുകയെന്ന ലക്ഷ്യത്തോടെ വിസ്ഡം ഹെൽത്ത് കെയർ സംസ്ഥാന ശില്പശാല സമാപിച്ചു. വിസ്ഡം സംസ്ഥാന പ്രസിഡണ്ട് പി.എൻ. അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം നിർവഹിച്ചു.

'പാലിയേറ്റീവ് കെയർ; നമ്മുടെ പങ്ക്,' 'ജീവിതശൈലീരോഗങ്ങൾ; നാം അറിയേണ്ടത്,' 'വയോജന പരിപാലനം,' 'ആരോഗ്യ സേവനങ്ങൾ,' 'നമ്മുടെ ദൗത്യം' എന്നീ വിഷയങ്ങളിൽ യഥാക്രമം ഡോ. അബ്ദുൽ ബാസിത്, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, ഡോ.കെ. ഷഹദാദ്, സി.പി. സലീം, ടി.കെ. അശ്റഫ് എന്നിവർ വിഷയങ്ങളവതരിപ്പിച്ചു.

ഹെൽത്ത് കെയർ വിംഗ് സംസ്ഥാന കൺവീനർ പി.യു. സുഹൈൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ കെ. സജ്ജാദ്, ഡോ.കെ.എ.നാസർ, മുഹമ്മദ് ശരീഫ് കാസർഗോഡ്, ഡോ.ഇബ്റാഹീം, ഡോ. ഫസലുറഹ്മാൻ.ടി.കെ, എൻ.അബ്ദുൽ ജലീൽ എന്നിവർ പ്രസംഗിച്ചു.

# വിസ്ഡം എജ്യൂക്കേഷൻ ബോർഡ് മദ്‌റസ പൊതുപരീക്ഷ ഫലം പ്രസിദ്ധീകരിച്ചു

കോഴിക്കോട്: വിസ്ഡം എജ്യുക്കേഷൻ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന മദ്‌റസകളിലെ 2025-26 അധ്യയന വർഷത്തെ 5, 8 ക്ലാസുകളിലെ പൊതുപരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. അഞ്ചാം തരത്തിൽ 92.43 ശതമാനവും എട്ടാം തരത്തിൽ 97 ശതമാനവുമാണ് വിജയം. മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ പ്രതിഭകളെ ജൂൺ 14ന് കോഴിക്കോടു വച്ച് നടക്കുന്ന 'എക്സലൻസ് സമ്മിറ്റ്'ൽ വച്ച് ആദരിക്കും. സർട്ടിഫിക്കറ്റുകൾ ജൂൺ അവസാനവാരം മദ്‌റസകൾ വഴി വിതരണം ചെയ്യുന്നതാണ്.

പുനർ മൂല്യനിർണയത്തിന് മെയ് 23ന് മുമ്പായി മദ്‌റസ പോർട്ടൽ വഴി അപേക്ഷിക്കാം. മെയ് 30ന് പുനർമൂല്യനിർണയത്തിന്റെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്. മെയ് 31 മുതൽ ജൂൺ 2വരെ സേ പരീക്ഷയ്ക്കുള്ള അപേക്ഷ നൽകാം.

# വിദ്വേഷം വിശ്വാസികൾക്ക് അന്യം

"വാശിയും ദേഷ്യവും കൊണ്ട്
പലരും മനസ്സിൽ തീർക്കുന്ന
വറ്റിവരണ്ട നീരുറവ
നിറഞ്ഞൊഴുകുവാൻ
സ്നേഹത്തിന്റെ ചെറിയൊരു
ചാറ്റൽ മഴ മതിയാകും"

ചെറുതും വലുതുമായ നന്മകളെല്ലാം ഇസ്‌ലാം മാനവസമൂഹത്തെ പഠിപ്പിക്കുന്നുണ്ട്. ആ നന്മകൾ സ്വജീവിതത്തിൽ പകർത്തുന്നത് പുണ്യകർമമാണെന്ന് ഇസ്‌ലാം അറിയിക്കുന്നു. മുഹമ്മദ് നബി(സ്വ) സംഭവബഹുലമായ തന്റെ ജീവിതത്തിലൂടെ അവയെല്ലാം പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു.

എന്നാൽ സമകാലിക ലോകത്ത്-വിശിഷ്യാ ഇന്ത്യയിൽ-ഇസ്‌ലാമിനെ വെറുപ്പിന്റെയും ഭീകരതയുടെയും പ്രത്യയശാസ്ത്രമായും മുസ്‌ലിംകളെ അതിന്റെ ഉൽപന്നമായും ചിത്രീകരിച്ചുകൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്! ഇസ്‌ലാംഭീതി പരത്തിക്കൊണ്ടേയിരിക്കുന്നവർ അവരുടെ ലക്ഷ്യം കണ്ടുകൊണ്ടിരിക്കുന്നു എന്നതിന് ഉത്തരേന്ത്യ മാത്രമല്ല കേരളവും തെളിവായി മാറിയിരിക്കുന്നു! ഇക്കഴിഞ്ഞ കേരള നിയമസഭാ തിരഞ്ഞെടുപ്പിനു മുമ്പും ഫലപ്രഖ്യാപന ശേഷവും ചില സമുദായ നേതാക്കൾ നടത്തിയ പ്രസ്താവനകൾ ഇത്രയും കാലം കേരളത്തിന് പരിചയമില്ലാത്തതായിരുന്നു. ഭൂരിപക്ഷ സമുദായ വോട്ടുകളുടെ കേന്ദ്രീകരണവും അതുവഴി നിയമസഭയിലേക്ക് കയറിപ്പറ്റലുമായിരുന്നു വോട്ടെടുപ്പിനു മുമ്പുള്ള വിദ്വേഷ പ്രസ്താവനകളുടെ ലക്ഷ്യമെങ്കിൽ, സംസ്ഥാനത്തിന്റെ ഭരണരംഗത്തുനിന്ന് മുസ്‌ലിം സമുദായ ത്തിൽനിന്നുള്ളവരെ അകറ്റലായിരുന്നു ഫലപ്രഖ്യാപനത്തിനു ശേഷമുള്ള വിദ്വേഷ പ്രസ്താവനകളുടെ ലക്ഷ്യം. ഇത്തരം വർഗീയ ചിന്താഗതിക്കാരുടെ വിഷമയമായ വാക്കുകൾക്ക് തടയിടാൻ പുതിയ സർക്കാർ സന്നദ്ധമാകുമെന്നാണ് പ്രതീക്ഷ.

അബൂദർറ് ജുൻദബ് ഇബ്നുജുനാദ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) എന്നോട് പറഞ്ഞു: "നന്മയിൽ യാതൊന്നിനെയും നീ നിസ്സാരമാക്കരുത്; നിന്റെ സഹോദരനെ പ്രസന്നവദനനായി കണ്ടുമുട്ടുന്നതുപോലും"(മുസ്‌ലിം).

ഇസ്‌ലാം നന്മകൾക്കു നൽകുന്ന സ്ഥാനം ഈ നബിവചനത്തിൽനിന്നു തന്നെ വ്യക്തമാണ്. നല്ലതായ ഒരു കാര്യവും ഒരു മുസ്‌ലിം നിസ്സാരമായി ഗണിക്കാൻ പാടില്ല. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് ആത്മാർഥതയോടെ അവൻ ചെയ്യുന്ന ഏതൊരു നല്ല കാര്യവും അല്ലാഹു സ്വീകരിക്കും.

മനസ്സിൽ എന്തിന്റെയൊക്കെയോ പേരിൽ മറ്റുള്ളവരോട് വാശിയും ദേഷ്യവും കൊണ്ടു നടക്കുന്നവരുണ്ട്. പലപ്പോഴും കാരണം നിസ്സാരമായിരിക്കും. ചിലപ്പോൾ തെറ്റുധാരണകൊണ്ടായിരിക്കാം. കാരണം എന്തായാലും അവരെ നോക്കി ഒന്ന് പുഞ്ചിരിച്ചാൽ, സ്നേഹത്തോടെ പെരുമാറിയാൽ പിണക്കമെല്ലാം നിമിഷനേരം കൊണ്ട് മാഞ്ഞുപോകുന്നത് കാണുവാൻ സാധിക്കും.

ഒരു മുസ്‌ലിമിന്റെ മനസ്സിൽ ആരോടും സ്ഥായിയായ വെറുപ്പുണ്ടാകുവാൻ പാടില്ല. സ്നേഹമാണ് അവനിൽ നിറഞ്ഞുനിൽക്കേണ്ടത്. നമ്മിൽ നുഴഞ്ഞുകേറുന്ന വെറുപ്പിന്റെ തേരട്ടകളെ സ്നേഹത്തിന്റെ ചൂടും ശക്തിയും കൊണ്ട് നശിപ്പിക്കാനാവണം. ആത്മാർഥ സ്നേഹത്തോടെ അന്യരോട് പെരുമാറുന്ന ഒരു വ്യക്തിക്ക് ജീവിതത്തിന്റെ മാധുര്യം അനുഭവിക്കുവാൻ കഴിയും. മറ്റൊരാൾ നമ്മോട് സ്നേഹം പ്രകടിപ്പിച്ചാൽ അതിനോട് സ്നേഹത്തോടെ പ്രതികരിക്കാൻ നാം തയ്യാറാകണം. അവിടെ മതവും ജാതിയും കക്ഷിരാഷ്ട്രീയവും മറ്റും പ്രതിബന്ധമായിക്കൂടാ. ■



# നബി(സ്വ)യുടെ ഹജ്ജ് യാത്ര: ചരിത്രവും പാഠങ്ങളും

ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

പ്രവാചകന്റെ ഓരോ ചലനവും വാക്കുകളും നമ്മൾ നേരിട്ട് കാണുന്നതു പോലെ അത്രമേൽ കൃത്യതയോടെയാണ് ഇസ്‌ലാമിക ചരിത്രം ഹജ്ജിന് രേഖപ്പെടുത്തിയിരിക്കുന്നത്. തിരക്കോ മറ്റു പ്രയാസങ്ങളോ കാരണം ഈ കർമങ്ങൾ പൂർണമായി നിർവഹിക്കാൻ കഴിയാത്തവർക്കും അവരുടെ ആത്മാർഥമായ ഉദ്ദേശ്യശുദ്ധി കാരണമായി അല്ലാഹു പൂർണമായ പ്രതിഫലം നൽകുമെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

അല്ലാഹുവിനോടുള്ള സമ്പൂർണമായ വിധേയത്വമാണ് ഇസ്‌ലാമിലെ ഓരോ ആരാധനാകർമത്തിന്റെയും അന്തസ്സത്ത. നമസ്കാരം, നോമ്പ്, സകാത്ത് എന്നിവയെപ്പോലെ ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അതിപ്രധാനമായ ഒന്നാണ് ഹജ്ജ്.

ശാരീരികവും സാമ്പത്തികവുമായ സമർപ്പണങ്ങൾ ഒരുപോലെ ഒത്തുചേരുന്ന ഹജ്ജ്, ജീവിതത്തിൽ ഒരിക്കൽ മാത്രം നിർബന്ധമാക്കപ്പെട്ട വിശുദ്ധമായൊരു യാത്രയാണ്. സ്ത്രീകളും പുരുഷന്മാരുമടങ്ങിയ ആബാലവൃദ്ധം ഹാജിമാർ അറഫയിലും മുസ്ദലിഫയിലും മിനായിലും കാഴ്ചവെക്കുന്ന വിനയവും പ്രാർഥനയും സൃഷ്ടിപ്പിന്റെ ലക്ഷ്യമായ ഇബാദത്തിനെ അന്വർഥമാക്കുന്നു.

ഹിജ്റ പത്താം വർഷം ദുൽഖഅദ് മാസത്തിലാണ് നബി(സ്വ) ഹജ്ജിനായി പുറപ്പെടാൻ തീരുമാനിച്ചത്. ഈ വാർത്തയറിഞ്ഞ് മദീനയുടെ പരിസര

പ്രദേശങ്ങളിൽനിന്നെല്ലാം അനുയായികൾ ഒഴുകിയെത്തി. ദുൽക്വഅദ് 25ന് ശനിയാഴ്ച ദ്വുഹ്ർ നമസ്കാരത്തിനു ശേഷം നബി (സ്വ) മദീനയിൽനിന്ന് പുറപ്പെട്ടു. ആയിരക്കണക്കിന് വിശ്വാസികൾ തിരുമേനിയുടെ മുൻപിലും പിന്നിലും വശങ്ങളിലുമായി കണ്ണെത്താദൂരത്തോളം അണിനിരന്നു. യാത്രാമധ്യെ 'ലബ്ബൈക്ക്' മന്ത്രം മുഴക്കി നബി (സ്വ) മുന്നോട്ട് നീങ്ങി. അർജ്, അബ്വാ, ഉസ്ഫാൻ, സരിഫ് എന്നീ സ്ഥലങ്ങൾ പിന്നിട്ട് ദുൽഹജ്ജ് നാലിന് അദ്ദേഹം മക്കയിലെത്തി. ഹറമിൽ പ്രവേശിച്ച തിരുമേനി (സ്വ) ഹജറുൽ അസ്‌വദ് ചുംബിക്കുകയും കഅ്ബയെ ഏഴുതവണ പ്രദക്ഷിണം വെക്കുകയും ചെയ്തു. തുടർന്ന് മക്വാമു ഇബ്റാഹീമിന് പിന്നിൽനിന്ന് നമസ്കരിക്കുകയും സ്വഫാ-മർവ കുന്നുകൾക്കിടയിൽ സഅ്യ് നിർവഹിക്കുകയും ചെയ്തു. സ്വഫാ കുന്നിന് മുകളിൽനിന്ന് ക്വിബ്‌ലയ്ക്ക് അഭിമുഖമായി നിന്ന് അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കുകയും ഏകദൈവത്വം പ്രഖ്യാപിക്കുകയും ചെയ്തു.

ദുൽഹജ്ജ് എട്ടിന് വ്യാഴാഴ്ച നബി(സ്വ) മിനായിലേക്ക് നീങ്ങി. അവിടെ അഞ്ച് നേരത്തെ നമസ്കാരങ്ങൾ പൂർത്തിയാക്കിയ ശേഷം അറഫയിലേക്ക് തിരിച്ചു. അറഫയ്ക്ക് സമീപമുള്ള നമിറയിൽ തനിക്കു ണ്ടാക്കിയ കൂടാരത്തിൽ അദ്ദേഹം വിശ്രമിച്ചു. സൂര്യൻ മധ്യരേഖയിൽനിന്ന് തെറ്റിയപ്പോൾ നബി (സ്വ) തന്റെ ഒട്ടകമായ ഖസ്‌വയിൽ കയറി അറഫാ മൈതാനിയിലെത്തി ചരിത്രപ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗം നിർവഹിച്ചു.

മനുഷ്യന്റെ രക്തത്തിനും സമ്പത്തിനും അഭിമാനത്തിനും പവിത്രതയുണ്ടെന്ന് പ്രഖ്യാപിച്ച അദ്ദേഹം, ജാഹിലിയ്യ കാലത്തെ അന്ധവിശ്വാസങ്ങളെയും പലിശയെയും പാടെ തള്ളിക്കളഞ്ഞു. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും അവരോട് കാണിക്കേണ്ട കരുണയെക്കുറിച്ചും ജനങ്ങളെ ഓർമിപ്പിച്ചു. തന്റെ സന്ദേശങ്ങൾ ജനങ്ങളിലെത്തിയോ എന്ന് മൂന്നുതവണ അദ്ദേഹം ചോദിക്കുകയും ജനങ്ങൾ അതെ എന്ന് സാക്ഷ്യം വഹിച്ചപ്പോൾ അല്ലാഹുവിനെ അതിന് സാക്ഷിയാക്കുകയും ചെയ്തു. അവിടെവെച്ചാണ് ദീൻ പൂർത്തിയാക്കപ്പെട്ടുവെന്ന ക്വുർആൻ സൂക്തം അവതീർണമായത്.

തുടർന്ന് മുസ്ദലിഫയിലേക്ക് നീങ്ങിയ നബി(സ്വ) അവിടെ മഗ്‌രിബും ഇശാഉം ഒരുമിച്ച് നമസ്കരിക്കുകയും സുബ്ഹിവരെ വിശ്രമിക്കുകയും ചെയ്തു. സൂര്യോദയത്തിന് മുൻപായി മശ്അറുൽ ഹറാമിൽനിന്ന് പ്രാർഥിച്ചശേഷം മിനായിലേക്ക് നീങ്ങി.

മിനായിൽവെച്ച് ജംറത്തുൽ അക്വബയിൽ കല്ലെറിയുകയും തുടർന്ന് തന്റെ 63 വയസ്സിനെ സൂചിപ്പിക്കുന്ന വിധം 63 ഒട്ടകങ്ങളെ സ്വന്തം കൈകൊണ്ട് അറുക്കുകയും ബാക്കിയുള്ളവയെ അറുക്കാൻ അലി (റ) യെ ഏൽപിക്കുകയും ചെയ്തു. മുടി കളഞ്ഞ് വസ്ത്രം മാറിയശേഷം അദ്ദേഹം മക്കയിൽ പോയി ത്വവാഫുൽ ഇഫാദ നിർവഹിച്ചു. സംസം വെള്ളം കുടിക്കുകയും ഹാജിമാർക്ക് അത് വിതരണം ചെയ്യുന്നവരെ അഭിനന്ദിക്കുകയും ചെയ്തു.

അയ്യാമുത്തശ്‌രീക്വിന്റെ നാളുകളിൽ മിനായിൽ താമസിച്ച് കല്ലേറ് കർമങ്ങൾ പൂർത്തിയാക്കിയ ശേഷം അവസാനമായി ത്വവാഫുൽ വിദാഅ് കൂടി നിർവഹിച്ചാണ് തിരുമേനി മദീനയിലേക്ക് മടങ്ങിയത്.

പ്രവാചകന്റെ ഓരോ ചലനവും വാക്കുകളും നമ്മൾ നേരിട്ട് കാണുന്നതുപോലെ അത്രമേൽ കൃത്യതയോടെയാണ് ഇസ്‌ലാമിക ചരിത്രം ഹജ്ജിന് രേഖപ്പെടുത്തിയിരിക്കുന്നത്. തിരക്കോ മറ്റു പ്രയാസങ്ങളോ കാരണം ഈ കർമങ്ങൾ പൂർണമായി നിർവഹിക്കാൻ കഴിയാത്തവർക്കും അവരുടെ ആത്മാർഥമായ ഉദ്ദേശ്യശുദ്ധി കാരണമായി അല്ലാഹു പൂർണമായ പ്രതിഫലം നൽകുമെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

പ്രവാചകനെ അനുഗമിക്കാൻ കൊതിക്കുകയും എന്നാൽ ശാരീരികമായ അശക്തിയാൽ മദീനയിൽ തന്നെ കഴിയേണ്ടിവരികയും ചെയ്തവർക്ക് ലഭിച്ച അതേ പ്രതിഫലം ഹജ്ജിലെ പരിമിതികൾ നേരിടുന്നവർക്കും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. പ്രവാചകന്റെ ഹജ്ജ് രീതികൾ കൃത്യമായി പിന്തുടരുക എന്നത് ഒരു വിശ്വാസിയുടെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യമാണ്. ■



# കുട്ടികളിലെ കൂർക്കംവലി

ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

മുതിർന്ന ആളുകളിൽ കൂർക്കംവലി ഉണ്ടാകുമ്പോൾ പൊതുവെ വളരെ സാധാരണയായാണ് നമ്മൾ കണക്കാക്കാറുള്ളത്. എന്നാൽ കുട്ടികളിൽ ഇത് കാണുകയാണെങ്കിൽ അതിനെ നിസ്സാരമായി കാണരുത്. വളരെ ഇടുങ്ങിയ വഴിയിലൂടെ ശ്വസനവായു സഞ്ചരിക്കുമ്പോഴാണ് ഇത്തരത്തിലുള്ള ശബ്ദം ഉണ്ടാകുന്നത്.

മുതിർന്നവരിൽ കൂടുതലായും പൊണ്ണത്തടിയാണ് ഇത്തരത്തിൽ ശ്വസനനാളിയെ ഇടുങ്ങിയതാക്കുന്നതെങ്കിൽ കുട്ടികളിൽ അഡിനോയ്ഡ് ഗ്രന്ഥിയുടെ വീക്കമാണ് പലപ്പോഴും ഇതിന് കാരണമാകുന്നത്.

**എന്താണ് അഡിനോയ്ഡ്?**

ഏകദേശം രണ്ടു വയസ്സു മുതൽ പന്ത്രണ്ടു വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുട്ടികളുടെ മൂക്കിനു പിറകുവശത്ത് തൊണ്ടയുടെ മുകൾഭാഗത്തായി കാണുന്ന ഒരു ഗ്രന്ഥിയാണ് അഡിനോയ്ഡ്. മൂക്കിലൂടെയും വായിലൂടെയും ശരീരത്തിലേക്ക് പ്രവേശിക്കുന്ന അണുക്കളെ പ്രതിരോധിക്കുകയാണ് ഇതിന്റെ ധർമം. വിവിധ കാരണങ്ങളാൽ ഈ ഗ്രന്ഥിക്കുണ്ടാകുന്ന വീക്കമാണ് adenoid hypertrophy അഥവാ അഡിനോയ്ഡ് വീക്കം.

**കാരണങ്ങൾ**

അഡിനോയ്ഡ് ഗ്രന്ഥിയിൽ ബാക്ടീരിയയോ വൈറസോ ഉണ്ടാക്കുന്ന അണുബാധകൾ ഗ്രന്ഥിയുടെ വീക്കത്തിന് കാരണമാകാറുണ്ട്. അലർജിയാണ് മറ്റൊരു പ്രധാന കാരണം.

**ലക്ഷണങ്ങൾ**

Adenoid hypertrophy ഉള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരാറുള്ള ലക്ഷണങ്ങളാണ് ഇടയ്ക്കിടെയുള്ള ജലദോഷം, മൂക്കടപ്പ്, കൂർക്കംവലി, വായ തുറന്ന് കിടന്നുറങ്ങുക തുടങ്ങിയവ.

> **കുട്ടികളിൽ കൂർക്കംവലി കാണുകയാണെങ്കിൽ അതിനെ നിസ്സാരമായി കാണരുത്. വളരെ ഇടുങ്ങിയ വഴിയിലൂടെ ശ്വസനവായു സഞ്ചരിക്കുമ്പോഴാണ് ഇത്തരത്തിലുള്ള ശബ്ദം ഉണ്ടാകുന്നത്. മുതിർന്നവരിൽ കൂടുതലായും പൊണ്ണ ത്തടിയാണ് ഇത്തരത്തിൽ ശ്വസന നാളിയെ ഇടുങ്ങിയതാക്കുന്നതെങ്കിൽ കുട്ടികളിൽ അഡിനോയ്ഡ് ഗ്രന്ഥിയുടെ വീക്കമാണ് പലപ്പോഴും ഇതിന് കാരണമാകുന്നത്.**

**സങ്കീർണതകൾ**

തുടക്കത്തിൽ കാണിക്കുന്ന ചെറിയ ലക്ഷണങ്ങൾ അവഗണിക്കുമ്പോൾ ഗ്രന്ഥിയുടെ വീക്കം വർധിക്കുന്നതിനനുസരിച്ച് കൂടുതൽ സങ്കീർണതകളിലേക്ക് എത്തിച്ചേരുന്ന സാഹചര്യം ഉണ്ടാകുന്നു.

- വായ് തുറന്നു കിടന്നുറങ്ങുന്നത് പല്ലുകൾ ഉന്തിവരാൻ കാരണമാകുന്നു.
- കാലക്രമേണ കുട്ടിയുടെ മുഖത്തിന്റെ ആകൃതിയെ പോലും ഇത് ബാധിക്കുന്നു.
- ശ്വാസമെടുക്കുന്നതിലുള്ള തടസ്സം കുട്ടികളുടെ ഉറക്കത്തെ ശല്യപ്പെടുത്തുന്നു.
- ശരിയായ ഉറക്കമില്ലായ്മ കുട്ടികളുടെ ഓർമശക്തി കുറയുവാനും പഠനത്തിൽ പുറകോട്ടു പോകു വാനും കാരണമാകുന്നു.
- അഡിനോയ്ഡ് ഗ്രന്ഥിയുടെ വീക്കം കൂടുന്നതിനനുസരിച്ച് ചെവിയിൽനിന്നും മൂക്കിന്റെ പുറകു വശത്തേക്കുള്ള ട്യൂബ് തടസ്സപ്പെടുകയും ഇത് ചെവിയിൽ അണുബാധയുണ്ടാകുവാനും കേൾവിക്കുറവിനും കാരണമാകുന്നു.

**രോഗ നിർണയം**

മൂക്കിലൂടെയുള്ള എൻഡോസ്കോപ്പി വഴിയോ മുഖത്തിന്റെ എക്സ്റേ വഴിയോ രോഗനിർണയം നടത്താം.

**ചികിത്സ**

മുകളിൽ കൊടുത്തിട്ടുള്ള ലക്ഷണങ്ങൾ കാണുമ്പോൾ ഒരു ഡോക്ടറുടെ നിർദേശപ്രകാരം ചികിത്സ ആരംഭിക്കുന്നത് രോഗത്തിന്റ സങ്കീർണതകളിലേക്ക് എത്തിച്ചേരാതെ സംരക്ഷിക്കപ്പെടാൻ സഹായകമാവും. രക്തപരിശോധനയിലൂടെ രോഗകാരണം അണുബാധയാണോ അലർജിയാണാ എന്ന് കണ്ടെത്തി അതിനനുസൃതമായ ചികിൽസ നൽകുന്നത് വഴി ഈ രോഗാവസ്ഥയെ പൂർണമായും മാറ്റിയെടുക്കാവുന്നതാണ്. ■



# ആദർശ പിതാവിന്റെ ധർമസമര പാത

മെഹബൂബ് മദനി ഒറ്റപ്പാലം
: 7736398840

**ജീവിതത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽ, അതികഠിനമായ പരീക്ഷണങ്ങളിലൂടെ കടന്നുപോവുകയും അതിൽ ഒന്നിൽപോലും കാലിടറാതെ അതിജയിക്കുകയും ചെയ്ത ത്യാഗത്തിന്റെ ചരിത്രമാണ് ഖലീലുല്ലാഹി ഇബ്റാഹീം നബി(അ)ക്ക് പറയാനുള്ളത്. ലോകാവസാനം വരെയുള്ള വിശ്വാസികൾക്കിടയിൽ, ആദർശപിതാവെന്ന വിശേഷണത്തിന് അദ്ദേഹത്തെ അർഹനാക്കുന്നതും മറ്റൊന്നല്ല.**

വിശുദ്ധ ക്വുർആനിനനുസൃതമായി ജീവിതത്തെ വിമലീകരിക്കുകയും സംസ്കരിക്കുകയും ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വിശ്വാസികൾക്ക് ഒരിക്കലും അവഗണിക്കാൻ കഴിയാത്ത ചരിത്രമാണ് ആദർശ പിതാവായി അറിയപ്പെടുന്ന ഇബ്റാഹീം നബി(അ)യുടെത്.

ലോകമുസ്‌ലിംകൾ അവരുടെ അഞ്ചുനേര നിർബന്ധ നമസ്കാരങ്ങളിലും അല്ലാതെയും ഓർത്തുകൊണ്ടിരിക്കുന്ന ഈ മഹാനുഭാവന്റെ പേര് വിശുദ്ധ ക്വുർആനിൽ 25 അധ്യായങ്ങളിലായി 69 തവണ പരാമർശിച്ചിരിക്കുന്നു. മുഹമ്മദ്

നബി(സ്വ)യോട് പോലും പിൻപറ്റുവാൻ പറയപ്പെട്ട ഇബ്റാഹീം നബി(അ)യുടെ മില്ലത്തിനെ-മാർഗ ത്തെ-കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും പാഠം ഉൾക്കൊള്ളുകയും ചെയ്യേണ്ടത് ഓരോ വിശ്വാസിയു ടെയും ബാധ്യതയാണ്.

ജീവിതത്തിൽ സർവസ്വവും എങ്ങനെ ദൈവഹിത ത്തിനായി സമർപ്പിക്കണം എന്നതിന്റെ മഹനീയമായ മാതൃക ആദർശപിതാവിന്റെ ജീവിതത്തിൽ നമുക്ക് കാ ണാനാകും. പ്രപഞ്ചസ്രഷ്ടാവിന് മാത്രം ആരാധനകളർ പ്പിക്കുക, അവനോട് മാത്രം വിളിച്ചു പ്രാർഥിക്കുക എന്ന, ആദർശ രംഗത്തെ ധർമസമര പാതയിൽ അചഞ്ചലമാ യി നിലകൊണ്ട ഇബ്റാഹീം നബി(അ)യെ ഒരു ഉമ്മ ത്ത് (സമുദായം) എന്നാണ് അല്ലാഹു വിശേഷിപ്പിച്ചത്.

“തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന് കീഴ്പെ ട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നില കൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല” (16:120).

മനുഷ്യരുടെ കൂട്ടത്തിൽനിന്ന് അല്ലാഹു തന്റെ ഖലീൽ (ചങ്ങാതി) എന്ന് വിശേഷിപ്പിച്ചതും ഇബ്റാ ഹീം നബി(അ)യെയാണ്: “സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുകയും, നേർമാർഗത്തിലുറച്ച് നിന്നുകൊണ്ട് ഇബ്റാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനെക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്? അല്ലാഹു ഇബ്റാഹീമിനെ സു ഹൃത്തായി സ്വീകരിച്ചിരിക്കുന്നു” (4:125).

സത്യസന്ധമായ ഏകദൈവാരാധനയുടെ നേർപാ തയിൽനിന്നും ബഹുദൂരം തെറ്റിപ്പോയ യഹൂദ-ക്രൈ സ്തവ മതക്കാർ തങ്ങളുടെ പ്രവാചകനായി ഇബ്റാ ഹീം നബി(അ)യെ പരിചയപ്പെടുത്താറുണ്ട്. എന്നാൽ ഇബ്റാഹീം നബി(അ) ഒരിക്കലും ബഹുദൈവാരാധക നായിരുന്നില്ല എന്നും ഏകദൈവാരാധനയുടെ ശക്ത നായ ധ്വജവാഹകനായിരുന്നുവെന്നും ക്വുർആൻ വ്യ ക്തമാക്കുന്നു:

“ഇബ്റാഹീം യഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനഃസ്ഥിതിക്കാരനും (അല്ലാ ഹുവിന്ന്) കീഴ്പെട്ടവനും ആയിരുന്നു. അദ്ദേഹം ബഹു ദൈവാരാധകരിൽ പെട്ടവനായിരുന്നിട്ടുമില്ല” (3:67).

ജനിച്ച വീടും താമസിച്ച നാടും സഹവസിച്ച സമൂ ഹവും അധികാരം കയ്യാളുന്ന ഭരണകർത്താക്കളും തീർത്തും ബഹുദൈവാരാധനയിൽ അധിഷ്ഠിതമായി രുന്നിട്ടും ഒരിക്കലും അതിനോട് സമരസപ്പെടാതെ, സർവശക്തനായ ഏകദൈവത്തെ മാത്രം വിളിച്ചു പ്രാർ ഥിക്കണമെന്ന് ആ സമൂഹത്തോട് നിരന്തരം ആർജവ ത്തോടുകൂടി വിളിച്ചുപറയാൻ കാണിച്ച ധൈര്യമാണ് ആദർശപിതാവ് എന്ന മഹിത മായ സ്ഥാനത്തേക്ക് ആ പ്രവാ ചകനെ ഉയർത്തിയത്. അല്ലാ ഹു നമുക്ക് മുന്നിൽ ആ മാതൃക എടുത്തുകാണിക്കുന്നത് ഇങ്ങ നെയാണ്:

“നിങ്ങൾക്ക് ഇബ്റാഹീമി ലും അദ്ദേഹത്തിന്റെ കൂടെയു ള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാ രം പറഞ്ഞ സന്ദർഭം: ‘നിങ്ങളു മായും അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവയുമാ യുള്ള ബന്ധത്തിൽനിന്നു തീർ ച്ചയായും ഞങ്ങൾ ഒഴിവായവ രാ കുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസി ക്കുന്നതു വരെ എന്നെന്നേക്കുമാ യി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകട മാവുകയും ചെയ് തിരിക്കുന്നു.’ ‘തീർച്ചയായും ഞാൻ താങ്കൾക്കു വേണ്ടി പാപമോചനം തേടാം, താങ്കൾക്കുവേണ്ടി അല്ലാഹുവി ങ്കൽനിന്ന് യാതൊന്നും എനി ക്ക് അധീനപ്പെടുത്താനാവില്ല’ എന്ന് ഇബ്റാഹീം തന്റെ പിതാ വിനോട് പറഞ്ഞ വാക്കൊഴികെ. (അവർ ഇപ്രകാരം പ്രാർഥിച്ചിരു ന്നു:) ‘ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപി ക്കുകയും നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരി ച്ചുവരവ്”(60:4).

“സ്വന്തം ആത്മാവിനെ മൂ ഢമാക്കിയവനല്ലാതെ മറ്റാരാ ണ് ഇബ്റാഹീമിന്റെ മാർഗ ത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെ ടുത്തിരിക്കുന്നു. പരലോകത്ത്

**സത്യസന്ധമായ ഏകദൈവാരാധനയുടെ നേർപാതയിൽനിന്നും ബഹുദൂരം തെറ്റിപ്പോയ യഹൂദ-ക്രൈസ്തവ മതക്കാർ തങ്ങളുടെ പ്രവാചകനായി ഇബ്‌റാഹീം നബി(അ)യെ പരിചയപ്പെടുത്താറുണ്ട്. എന്നാൽ ഇബ്‌റാഹീം നബി(അ) ഒരിക്കലും ബഹുദൈവാരാധകനായിരുന്നില്ല എന്നും ഏകദൈവാരാധനയുടെ ശക്തനായ ധ്വജവാഹകനായിരുന്നുവെന്നും ക്വുർആൻ വ്യക്തമാക്കുന്നു:**

അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും. നീ കീഴ്‌പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ്അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവലോകരക്ഷിതാവിന്ന് ഞാനിതാ കീഴ്‌പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു" (2:130,131).

ശിർക്കിന്റെ ഒരു ലാഞ്ചന പോലും വന്നുചേർന്നിട്ടില്ലാത്ത മാർഗമാണ് ഇബ്‌റാഹീം നബി(അ)യുടെത്. ഇതിനെക്കുറിച്ച് യൂസുഫ് നബി(അ) പറഞ്ഞ വാക്കുകൾ ക്വുർആൻ ഉദ്ധരിക്കുന്നു:

"എന്റെ പിതാക്കളായ ഇബ്‌റാഹീം, ഇസ്ഹാക്വ്, യഅ്ക്വൂബ് എന്നിവരുടെ മാർഗം ഞാൻ പിന്തുടർന്നിരിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കുവാൻ ഞങ്ങൾക്ക് പാടുള്ളതല്ല. ഞങ്ങൾക്കും മനുഷ്യർക്കും അല്ലാഹു നൽകിയ അനുഗ്രഹത്തിൽപെട്ടതത്രെ അത് (സൻമാർഗദർശനം). പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദികാണിക്കുന്നില്ല" (12:38).

ലോകാവസാനം വരെ വരാനിരിക്കുന്ന മുഹമ്മദ് നബി(സ്വ)യുടെ ഉമ്മത്തിലെ ഓരോരുത്തരോടും തൗഹീദിന്റെ ആദർശ പ്രബോധന മേഖലയിൽ ഇബ്‌റാഹീം നബിയുടെ മില്ലത്തിനെ പിന്തുടരാനാണ് അല്ലാഹു കൽപിക്കുന്നത്:

"(നബിയേ,) പറയുക: അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു. ആകയാൽ ശുദ്ധമനസ്കനായ ഇബ്‌റാഹീമിന്റെ മാർഗം നിങ്ങൾ പിന്തുടരുക. അദ്ദേഹം ബഹുദൈവാരാധകരുടെ കൂട്ടത്തിലായിരുന്നില്ല" (3:95).

"പിന്നീട്, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്നവനായിരുന്ന ഇബ്‌റാഹീമിന്റെ മാർഗത്തെ പിന്തുടരണം എന്ന് നിനക്ക് ഇതാ നാം ബോധനം നൽകിയിരിക്കുന്നു. അദ്ദേഹം ബഹുദൈവവാദി കളിൽ പെട്ടവനായിരുന്നില്ല" (16:123).

"അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ്ട മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ നിങ്ങളെ ഉൽകൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്‌റാഹീമിന്റെ മാർഗമത്രെ അത്. മുമ്പും (മുൻവേദങ്ങളിലും) ഇതിലും (ഈ വേദത്തിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്‌ലിംകളെന്ന് പേര് നൽകിയിരി ക്കുന്നു. റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും വേണ്ടി. ആകയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെ മുറുകെപിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി!" (22:78).

### ആദർശ പ്രബോധനം

യുവത്വത്തിന്റെ തുടക്കത്തിൽ തന്നെ ഇബ്‌റാഹീം നബിക്ക് അല്ലാഹുവിന്റെ അടുക്കൽനിന്നുള്ള വഹ്‌യ് ലഭിച്ചു. വിഗ്രഹങ്ങളെ നിർമിക്കുകയും അത് കച്ചവടയും ചെയ്യുകയും ചെയ്തിരുന്ന, തന്റെ പിതാവിനോടു തന്നെ ആദ്യം ഇബ്‌റാഹീം നബി ആദർശരംഗത്തെ തന്റെ നയം സ്നേഹത്തോടുകൂടി വ്യക്തമാക്കുകയും അദ്ദേഹത്തെ ശുദ്ധമായ ഏകദൈവാരാധനയിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഏതൊരാൾക്കും വിഗ്രഹാരാധനയുടെ നിരർഥകത ബോധ്യപ്പെടുമാറുള്ള ആ സദുപദേശം അല്ലാഹു വിശുദ്ധ ക്വുർആനിൽ വിവരിക്കുന്നത് ഇപ്രകാരമാണ്:

"വേദഗ്രന്ഥത്തിൽ ഇബ്‌റാഹീമിനെപ്പറ്റിയുള്ള വിവരം

നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു. അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) 'എന്റെ പിതാവേ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു? എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചുതരാം. എന്റെ പിതാവേ, താങ്കൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും പിശാച് പരമകാരുണികനോട് അനുസരണമില്ലാത്തവനാകുന്നു. എന്റെ പിതാവേ, തീർച്ചയായും പരമകാരുണികനിൽ നിന്നുള്ള വല്ല ശിക്ഷയും താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ താങ്കൾ പിശാചിന്റെ മിത്രമായിരിക്കുന്നതാണ്.' അയാൾ പറഞ്ഞു: 'ഹേ, ഇബ്റാഹീം! നീ എന്റെ ദൈവങ്ങളെ വേണ്ടെന്ന് വെക്കുകയാണോ? നീ (ഇതിൽ നിന്ന്) വിരമിക്കുന്നില്ലെങ്കിൽ ഞാൻ നിന്നെ കല്ലെറിഞ്ഞോടിക്കുകതന്നെ ചെയ്യും. കുറെ കാലത്തേക്ക് നീ എന്നിൽനിന്ന് വിട്ടുമാറിക്കൊള്ളണം" (19:41-46).

പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലേക്ക് വിരൽചൂണ്ടിക്കൊണ്ട് അവയെ സൃഷ്ടിച്ചു പരിപാലിക്കുന്ന അല്ലാഹു മാത്രമാണ് ആരാധനക്ക് അർഹൻ എന്ന് ആ സമൂഹത്തോട് ബുദ്ധിപരമായി ഇബ്റാഹീം നബി(അ) സംവദിച്ച ചരിത്രവും ഖുർആൻ വിവരിക്കുന്നുണ്ട്:

"അപ്രകാരം ഇബ്റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യരഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയും കൂടിയാണത്. അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: 'ഇതാ, എന്റെ രക്ഷിതാവ്!' എന്നിട്ട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'അസ്തമിച്ച് പോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല.' അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇതാ, എന്റെ രക്ഷിതാവ്!' എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചുതന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽ പെട്ടവനായിത്തീരും.' അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇതാ, എന്റെ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്.' അങ്ങനെ അതും അസ്തമിച്ചുപോയപ്പോൾ അദ്ദേ ഹം പറഞ്ഞു: 'എന്റെ സമുദായമേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽനിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശ ങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല. അദ്ദേഹത്തിന്റെ ജനത അദ്ദേഹവുമായി തർക്കത്തിൽ ഏർപ്പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിലാക്കിയിരിക്കുകയാണ്. നിങ്ങൾ അവനോട് പങ്കുചേർക്കുന്ന യാതൊന്നിനെയും ഞാൻ ഭയപ്പെടുന്നില്ല. എന്റെ രക്ഷിതാവ് ഉദ്ദേശിക്കുന്നതെന്തോ അതല്ലാതെ (സംഭവിക്കുകയില്ല). എന്റെ രക്ഷിതാവിന്റെ ജ്ഞാനം സർവ



**ലോകമുസ്‌ലിംകൾ അവരുടെ അഞ്ചുനേര നിർബന്ധ നമസ്‌കാരങ്ങളിലും അല്ലാതെയും ഓർത്തുകൊണ്ടിരിക്കുന്ന ഈ മഹാനുഭാവന്റെ പേര് വിശുദ്ധ ഖുർആനിൽ 25 അധ്യായങ്ങളിലായി 69 തവണ പരാമർശിച്ചിരിക്കുന്നു. മുഹമ്മദ് നബി(സ്വ)യോട് പോലും പിൻപറ്റുവാൻ പറയപ്പെട്ട ഇബ്‌റാഹീം നബി(അ)യുടെ മില്ലത്തിനെ - മാർഗത്തെ - കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും പാഠം ഉൾക്കൊള്ളുകയും ചെയ്യേണ്ടത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്.**

കാര്യങ്ങളെയും ഉൾകൊള്ളാൻ മാത്രം വിപുലമായിരിക്കുന്നു. നിങ്ങളെന്താണ് ആലോചിച്ച് നോക്കാത്തത്? നിങ്ങൾ (അല്ലാഹുവിനോട്) പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്കുചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ? (പറയൂ;) നിങ്ങൾക്കറിയാമെങ്കിൽ. വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയുംചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ. ഇബ്‌റാഹീമിന് തന്റെ ജനതയ്‌ക്കെതിരായി നാം നൽകിയ ന്യായപ്രമാണമത്രെ അത്. നാം ഉദ്ദേശിക്കുന്നവർക്ക് നാം പദവികൾ ഉയർത്തിക്കൊടുക്കുന്നു. തീർച്ചയായും നിന്റെ രക്ഷിതാവ് യുക്തിമാനും സർവജ്ഞനുമത്രെ" (6:75-83).

മനുഷ്യർ സ്വന്തം കരങ്ങൾ കൊണ്ട് നിർമിച്ചുണ്ടാക്കിയ വിഗ്രഹങ്ങളോട് പ്രാർഥിക്കുക എന്നത് ഏറ്റവും വലിയ വിവേകരാഹിത്യമാണ്. ജനങ്ങൾ പ്രാർഥന നടത്തുന്നത് അവരുടെ പ്രശ്‌നങ്ങൾക്ക് പരിഹാരം ലഭിക്കുവാനും പ്രയാസങ്ങൾ നീങ്ങിക്കിട്ടുവാനും ആവശ്യങ്ങൾ നിർവഹിക്കപ്പെടുവാനുമൊക്കെയാണ്. എന്നാൽ കാണുകയോ കേൾക്കുകയോ പ്രതികരിക്കുകയോ ചെയ്യാത്ത വിഗ്രഹങ്ങൾ എങ്ങനെ മനുഷ്യരെ ഈ രംഗത്ത് സഹായിക്കും? ഒരുപാട് തവണ പറഞ്ഞുകൊടുത്തിട്ടും ഈ യാഥാർഥ്യം അവർക്ക് ബോധ്യപ്പെടാതിരുന്നപ്പോൾ അത് അവർക്ക് മനസ്സിലാകുവാൻ വേണ്ടി ഇബ്‌റാഹീം നബി(അ) ഒരു തന്ത്രം പ്രയോഗിച്ചു. ജനങ്ങൾ പുറത്തു പോയ സമയത്ത് അദ്ദേഹം ഒരായുധമെടുത്ത് അവർ ആരാധിക്കുന്ന വലിയ വിഗ്രഹത്തെ ഒഴികെ ബാക്കിയുള്ളതിനെയെല്ലാം തകർത്തു. ആ ആയുധം വലിയ വിഗ്രഹത്തിന്റെ കഴുത്തിൽ ബന്ധിക്കുകയും ചെയ്തു. അന്തിമ വേദഗ്രന്ഥമായ വിശുദ്ധ ഖുർആനിലൂടെ പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു ആ ചരിത്രം വിവരിക്കുന്നത് നമുക്ക് ഇപ്രകാരം വായിക്കാം:

"അല്ലാഹുവെ തന്നെയാണ, തീർച്ചയായും നിങ്ങൾ പിന്നിട്ട് പോയതിനുശേഷം ഞാൻ നിങ്ങളുടെ വിഗ്രഹങ്ങളുടെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുന്നതാണ്. അങ്ങനെ അദ്ദേഹം അവരെ (ദൈവ ങ്ങളെ) തുണ്ടം തുണ്ടമാക്കിക്കളഞ്ഞു. അവരിൽ വലിയ ഒരാളെ ഒഴികെ. അവർക്ക് (വിവരമറിയാനായി) അയാളുടെ അടുത്തേക്ക് തിരിച്ചുചെല്ലാമല്ലോ? അവർ പറഞ്ഞു: 'നമ്മുടെ ദൈവങ്ങളെക്കൊണ്ട് ഇത് ചെയ്തവൻ ആരാണ്? തീർച്ചയായും അവൻ അക്രമികളിൽ പെട്ടവൻ തന്നെയാണ്.' ചിലർ പറഞ്ഞു: 'ഇബ്‌റാഹീം എന്ന് വിളിക്കപ്പെടുന്ന ഒരു ചെറുപ്പക്കാരൻ ആ ദൈവങ്ങളെപ്പറ്റി പരാമർശിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്.' അവർ പറഞ്ഞു: 'എന്നാൽ നിങ്ങൾ അവനെ ജനങ്ങളുടെ കൺമുമ്പിൽ കൊണ്ടുവരൂ. അവർ സാക്ഷ്യം വഹിച്ചേക്കാം.' അവർ ചോദിച്ചു: 'ഇബ്‌റാഹീമേ, നീയാണോ ഞങ്ങളുടെ ദൈവങ്ങളെക്കൊണ്ട്ഇതു ചെയ്തത്?' അദ്ദേഹം പറഞ്ഞു: 'എന്നാൽ അവരുടെ കൂട്ടത്തിലെ ഈ വലിയവനാണ് അതു ചെയ്തത്. അവർ സംസാരിക്കുമെങ്കിൽ നിങ്ങൾ അവരോട് ചോദിച്ച് നോക്കൂ.' അപ്പോൾ അവർ സ്വമനസ്സുകളിലേക്ക്തന്നെ മടങ്ങി. എന്നിട്ടവർ (അന്യോന്യം) പറഞ്ഞു:

‘തീർച്ചയായും നിങ്ങൾ തന്നെയാണ് അക്രമകാരികൾ.’ പിന്നെ അവർ തലകുത്തനെ മറിഞ്ഞു. (അവർ പറഞ്ഞു:) ‘ഇവർ സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ.’ അദ്ദേഹം പറഞ്ഞു: ‘അപ്പോൾ നിങ്ങൾക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുകയാണോ? നിങ്ങളുടെയും, അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യം തന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ?” (21:57-67).

ഏതൊരു ജനതക്കും തൗഹീദിലേക്ക് കടന്നുവരാൻ വേണ്ട അടിസ്ഥാന ഘടകം അല്ലാഹുവിനെക്കുറിച്ചുള്ള കൃത്യമായ അറിവാണ്. ഇബ്റാഹീം നബി എത്ര സുന്ദരമായാണ് പ്രപഞ്ചസ്രഷ്ടാവിന്റെ അനുഗ്രഹങ്ങളിലൂടെ അവനെക്കുറിച്ചുള്ള കൃത്യമായ ബോധം അവരിൽ ഉണ്ടാക്കാൻ ശ്രമിച്ചത് എന്ന കാര്യം ഖുർആനിലൂടെ നമുക്ക് വായിച്ചറിയാനാകും:

“എന്നാൽ അവർ (ദൈവങ്ങൾ) എന്റെ ശത്രുക്കളാകുന്നു; ലോകരക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ. പ്രതിഫലത്തിന്റെ നാളിൽ ഏതൊരുവൻ എന്റെ തെറ്റ് പൊറുത്തുതരുമെന്ന് ഞാൻ ആശിക്കുന്നുവോ അവൻ” (26:77-82).



ഇബ്റാഹീം(അ) താമസിച്ച നാട്ടിലെ ഭരണാധികാരിയോടും ശക്തമായ ആശയസംവാദമാണ് നട ത്തിയത്: “ഇബ്റാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്റാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്റാഹീം പറഞ്ഞു: ‘എന്നാൽ അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക.’ അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല” (2:258).

അവസാനം ആ ആദർശധീരനെ ഈ ഭൂമുഖത്തുനിന്ന് തീയിലെറിഞ്ഞ് ഇല്ലാതാക്കാൻ ശത്രുക്കൾ ഒന്നിച്ചു. പക്ഷേ, ഒരു രോമകൂപത്തിന് പോലും പോറലേൽക്കാതെ ആദർശപിതാവിനെ അല്ലാഹു സംരക്ഷിച്ചു:

“അവർ പറഞ്ഞു: ‘നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക.’ നാം പറഞ്ഞു: ‘തീയേ, നീ ഇബ്റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക” (21: 68-69).

### പരീക്ഷണങ്ങളുടെ പിന്തുടർച്ച

തൗഹീദിന്റെ ആദർശ പ്രബോധനത്തിനായി അഗ്നിപരീക്ഷ ഏറ്റുവാങ്ങേണ്ടിവന്ന ആ

**ലോകാവസാനം വരെ വരാനിരിക്കുന്ന മുഹമ്മദ് നബി(സ്വ)യുടെ ഉമ്മത്തിലെ ഓരോരുത്തരോടും തൗഹീദിന്റെ ആദർശ പ്രബോധന മേഖലയിൽ ഇബ്‌റാഹീം നബിയുടെ മില്ലത്തിനെ പിന്തുടരാനാണ് അല്ലാഹു കൽപിക്കുന്നത്: "(നബിയേ,) പറയുക: അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു. ആകയാൽ ശുദ്ധമനസ്‌കനായ ഇബ്‌റാഹീമിന്റെ മാർഗം നിങ്ങൾ പിന്തുടരുക. അദ്ദേഹം ബഹുദൈവാരാധകരുടെ കൂട്ടത്തിലായിരുന്നില്ല" (3:95).**

പ്രവാചകൻ കുടുംബജീവിതത്തിലും വലിയ പരീക്ഷണങ്ങളാണ് നേരിട്ടത്. ഇബ്‌റാഹീം നബിയുടെ ആദ്യഭാര്യ വന്ധ്യയായിരുന്നു. അവർക്ക് ഈജിപ്തിൽവച്ച് ലഭിച്ച അടിമ സ്ത്രീയായിരുന്നു ഹാജർ. തങ്ങൾക്ക് ഒരു ഓമന പുത്രനെ കാണുവാൻ കഴിഞ്ഞെങ്കിലോ എന്ന ആഗ്രഹത്തോടെ അവർ ഹാജറിനെ ഭാര്യയാക്കാൻ പ്രവാചകനോടാവശ്യപ്പെട്ടു. അങ്ങനെ ഇബ്‌റാഹീം നബിയുടെ രണ്ടാമത്തെ ഭാര്യയായ ഇവരിൽനിന്നാണ് മൂത്ത പുത്രനായ ഇസ്മാഈൗൽ(അ) ജനിക്കുന്നത്. പ്രായം ഏറെ ചെന്ന് ജരാനരകൾ ബാധിച്ചിട്ടുകൂടി പ്രതീക്ഷ കൈവിടാതെ ഇബ്‌റാഹീം നബി(അ) അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ടിരുന്നു:

"എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ. അപ്പോൾ സഹനശീലനായ ഒരു ബാലനെപ്പറ്റി നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു" (37: 100, 101).

മലക്കുകൾ മനുഷ്യരൂപത്തിൽ ഇബ്‌റാഹീം നബി(അ)യുടെ അടുക്കൽ വന്ന സന്ദർഭവും ക്വുർആൻ വിവരിക്കുന്നുണ്ട്: "നമ്മുടെ ദൂതൻമാർ ഇബ്‌റാഹീമിന്റെ അടുത്ത് സന്തോഷവാർത്തയും കൊണ്ട് വരികയുണ്ടായി. അവർ പറഞ്ഞു: 'സലാം.' അദ്ദേഹം പ്രതിവചിച്ചു: 'സലാം.' വൈകിയില്ല; അദ്ദേഹം ഒരു പൊരിച്ച മൂരിക്കുട്ടിയെ കൊണ്ടുവന്നു. എന്നിട്ട് അവരുടെ കൈകൾ അതിലേക്ക് നീളുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന് അവരുടെ കാര്യത്തിൽ പന്തികേട് തോന്നുകയും അവരെപ്പറ്റി ഭയം അനുഭവപ്പെടുകയും ചെയ്തു. അവർ പറഞ്ഞു: 'ഭയപ്പെടേണ്ട; ഞങ്ങൾ ലൂത്വിന്റെ ജനതയിലേക്ക് നിയോഗിക്കപ്പെട്ടിരിക്കുകയാണ്.' അദ്ദേഹത്തിന്റെ (ഇബ്‌റാഹീം നബിയുടെ) ഭാര്യ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവർ ചിരിച്ചു. അപ്പോൾ നാം (അല്ലാഹു) അവർക്ക് ഇസ്ഹാക്വിനെപ്പറ്റിയും ഇസ്ഹാക്വിന്റെ പിന്നാലെ യഅ്ക്വൂബിനെപ്പറ്റിയും നാം സന്തോഷവാർത്ത അറിയിച്ചു. അവൾ പറഞ്ഞു: 'കഷ്ടം! ഞാനൊരു കിഴവിയായിട്ടും പ്രസവിക്കുകയോ? എന്റെ ഭർത്താവ് ഇതാ ഒരു വൃദ്ധൻ! തീർച്ചയായും ഇതൊരു അത്ഭുതകരമായ കാര്യം തന്നെ.' അവർ (ദൂതൻമാർ) പറഞ്ഞു: 'അല്ലാഹുവിന്റെ കൽപനയെപ്പറ്റി നീ അത്ഭുതപ്പെടുകയോ? ഹേ, വീട്ടുകാരേ, നിങ്ങളിൽ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹങ്ങളുമുണ്ടായിരിക്കട്ടെ. തീർച്ചയായും അവൻ സ്തുത്യർഹനും മഹത്ത്വമേറിയവനും ആകുന്നു" (11:69 -73).

അങ്ങനെ കഠിനമായ പരീക്ഷണ കാലയളവിനൊടുവിൽ വർധക്യത്തിൽ ആ പ്രവാചകന് ഇസ്മാഈൗൽ എന്ന സന്താനമുണ്ടായി. പക്ഷേ, അവിടംകൊണ്ടും പരീക്ഷണം അവസാനിച്ചില്ല. ആ മകനെ ബലിയറുക്കാൻ റബ്ബിന്റെ കൽപനയുണ്ടായി. സന്താന സൗഭാഗ്യത്തിന് വാർധക്യം വരെ കാത്തിരിക്കേണ്ടി വന്ന ഇബ്‌റഹീം നബിക്ക് അത് വലിയൊരു ത്യാഗം തന്നെയായിരുന്നു. പക്ഷേ, അതിലും ആ മഹാനുഭാവൻ പരാജയപ്പെട്ടില്ല.

അല്ലാഹു പറയുന്നു: "എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ; നീ എന്താണ് അഭിപ്രായപ്പെടുന്നത്?' അവൻ പറഞ്ഞു: 'എന്റെ പിതാവേ,

കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്യുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം ക്ഷമാശീലരു ടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്.' അങ്ങനെ അവർ ഇരുവരും (കൽപനക്ക്) കീഴ്പെടുകയും, അവനെ നെറ്റി(ചെന്നി)മേൽ ചെരിച്ചുകിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളി ച്ചുപറഞ്ഞു: 'ഹേ, ഇബ്റാഹീം! തീർച്ചയായും നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്. അവന്ന് പകരം ബലിയർപ്പിക്കാനായി മഹത്തായ ഒരു ബലി മൃഗത്തെ നാം നൽകുകയും ചെയ്തു. പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ (ഇബ്റാഹീമിന്റെ) സൽകീർത്തി നാം അവശേഷിപ്പിക്കുക യും ചെയ്തു. പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ (ഇബ്റാഹീമിന്റെ) സൽകീർത്തി നാം അവശേഷിപ്പിക്കു കയും ചെയ്തു. ഇബ്റാഹീമിന് സമാധാനം! അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയയും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസൻമാരിൽ പെട്ടവനാകുന്നു" (37:102-111).

**കഅ്ബയുടെ പുനർനിർമാണം**

ലോക മുസ്‌ലിംകളുടെ കിബ്‌ലയായ മക്കയിലുള്ള കഅ്ബയുടെ പുനർനിർമാണവും നടന്നത് ആ പ്രവാചക ശ്രേഷ്ഠന്റെ കരങ്ങളിലൂടെയാണ്: "തീർച്ചയായും മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമ ത്തെ ആരാധനാ മന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു)" (3:96).

"ആ ഭവനത്തെ (കഅ്ബയെ) ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലവും ഒരു സുരക്ഷിത കേന്ദ്രവുമായി നാം നിശ്ചയിച്ചതും (ഓർക്കുക). ഇബ്റാഹീം നിന്ന് പ്രാർഥിച്ച സ്ഥാനത്തെ നിങ്ങളും നമസ്കാര (പ്രാർഥന) വേദിയായി സ്വീകരിക്കുക. ഇബ്റാഹീമിന്നും ഇസ്മാഈലിന്നും നാം കൽപന നൽകിയത്, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഇഅ്തികാഫ് (ഭജന) ഇരിക്കുന്നവർക്കും തലകുനിച്ചും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്ന(പ്രാർഥിക്കുന്ന)വർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങൾ ഇരുവരും ശുദ്ധമാക്കി വെക്കുക എന്നായിരുന്നു. എന്റെ രക്ഷിതാവേ, നീ ഇതൊരു നിർഭയമായ നാടാക്കുകയും ഇവിടത്തെ താമസക്കാരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ എന്ന് ഇബ്റാഹീം പ്രാർഥിച്ച സന്ദർഭവും (ഓർക്കുക). അല്ലാഹു പറഞ്ഞു: 'അവിശ്വസിച്ചവന്നും (ഞാൻ ആഹാരം നൽകുന്നതാണ്). പക്ഷേ, അൽപകാലത്തെ ജീവിതസുഖം മാത്രമാണ് അവന്ന് ഞാൻ നൽകുക. പിന്നീട് നരകശിക്ഷ ഏൽക്കാൻ ഞാൻ അവനെ നിർബന്ധിതനാക്കുന്നതാണ്. (അവന്ന് ) ചെന്നു ചേരാനുള്ള ആ സ്ഥലം വളരെ ചീത്തതന്നെ. ഇബ്റാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിന്റെ (കഅ്ബയുടെ) അടിത്തറ കെട്ടിയുയർത്തിക്കൊണ്ടിരുന്ന സന്ദർഭവും (അനുസ്മരിക്കുക). (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്പെടുന്നവരാക്കുകയും, ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും, ഞങ്ങളുടെ ആരാധനാക്രമങ്ങൾ ഞങ്ങൾക്ക്കാണിച്ചുതരികയും, ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യ ധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക്(ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപിച്ചു കൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും, അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽനിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു" (2:125-129). ■



# അകക്കണ്ണിന്റെ വെളിച്ചം

ഹുസ്ന മലോറം

ഈയടുത്ത് നടന്ന വാൽപാറ ദുരന്തം കേരളക്കരയെ കരയിച്ച ദാരുണ സംഭവമാണ്. അധ്യാപക സംഘം സഞ്ചരിച്ച വാഹനം മറിഞ്ഞ് കാഴ്ചപരിമിതനായ ഒരു അധ്യാപകനടക്കം 9 പേർ അതിദാരുണമായി മരണപ്പെട്ടു.

മജീദ് മാഷെപ്പോലെ കാഴ്ച പരിമിതരായ ഒരുപാട് അധ്യാപകർ കേരളത്തിനകത്തും പുറത്തും അറിവിന്റെ വെളിച്ചം പുതുതലമുറക്ക് എത്തിക്കുന്നതിൽ തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

ഞാൻ പഠിച്ച സ്കൂളിലും കാഴ്ച പരിമിതിയുള്ള മോഹൻദാസ് എന്ന് പേരുള്ള മാഷുണ്ടായിരുന്നു. അദ്ദേഹത്തെ കുട്ടികൾക്കെല്ലാം ഇഷ്ടമായിരുന്നു. ചൂരൽമല ബസ് സ്റ്റാന്റിൽനിന്നും സ്കൂളിലേക്ക് അദ്ദേഹത്തെ ചേർത്തുപിടിച്ച് എത്തിക്കുവാൻ കുട്ടികൾ കാണിച്ചിരുന്ന ഉൽസാഹവും മൽസരബുദ്ധിയും കാണേണ്ടതുതന്നെയായിരുന്നു! കാഴ്ച പരിമിതിയുള്ള സാറിന്റെ ‘കണ്ണുവെട്ടിച്ച്’ കളിക്കാൻ ചില വികൃതിക്കുട്ടികൾ ശ്രമിക്കുമ്പോൾ അദ്ദേഹം അത് കൃത്യമായി പിടിക്കുമായിരുന്നു. പഠിപ്പിക്കുന്ന ഓരോ കാര്യവും കൃത്യതയോടെ കുട്ടികളുടെ മനസ്സിലേക്ക് എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

കുറേ കാലം മാഷ് ചൂരൽമല സ്കൂളിൽത്തന്നെ സേവനമനുഷ്ഠിച്ചു. മാഷ് വർഷങ്ങൾക്കു മുമ്പ് പഠിപ്പിച്ച ഒരു വിദ്യാർഥി സ്കൂൾ പെയിന്റടിക്കാൻ വന്നു. ദൂരെനിന്നും അവന്റെ ശബ്ദം കേട്ട മാഷ് അവന്റെ പേരു പറഞ്ഞ് അവനോട് വിശേഷം ചോദിച്ചത് ഞങ്ങൾ കൗതുകത്തോടെ നോക്കിനിന്നു. കാഴ്ച പരിമിതരുടെ അകക്കണ്ണിനും ഓർമകൾക്കും മൂർച്ച കൂടുമത്രെ!

അപകടത്തിൽ മരിച്ച മജീദ് മാഷും കുട്ടികൾക്ക് പ്രിയങ്കരനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ എപ്പോഴും അദ്ദേഹത്തിന് കൂട്ടായിരുന്നു. ഭർത്താവിന്റെ കയ്യും പിടിച്ച് സ്കൂളിലേക്ക് കയറി വരുന്ന അവർ മക്കൾക്ക് പഠിപ്പിച്ചത് കാരുണ്യത്തിന്റെ പാഠങ്ങൾ കൂടിയാണ്. മക്കളിൽ അലിവും ആർദ്രതയും ഉണ്ടാക്കിയെടുക്കുന്നതിൽ അവർ വലിയ പങ്കാണ് വഹിച്ചിരുന്നത്. മറ്റുള്ളവരോട് കരുണ കാണിക്കണമെന്ന് കുട്ടികൾ കേട്ട് പഠിക്കുമ്പോൾ; അംഗപരിമിതരുള്ള ഒരു സ്കൂളിൽ അത്തരം നന്മകൾ ചെയ്താണ് പഠിക്കു ന്നത്.

കാഴ്ചപരിമിതിയുള്ള അധ്യാപകൻ ഒരു കുട്ടിയെ എങ്ങനെ പഠിപ്പിക്കുമെന്ന് ആശങ്കപ്പെടുന്ന രക്ഷിതാക്കളുണ്ട്. അങ്ങനെ ആശങ്കപ്പെട്ട രക്ഷിതാക്കൾ തന്നെ തന്റെ മക്കൾക്ക് ഏറെ പ്രിയമുള്ളതും മക്കൾ ഉൽസാഹത്തോടെ പഠിക്കുന്നതും അവർ ആശങ്കപ്പെട്ട അധ്യാപകരുടെത് തന്നെയാണ്. അധ്യാപകർ വെളിച്ചം പകരുന്നവരാണ്, എന്നാൽ അകക്കണ്ണിന്റെ വെളിച്ചമെത്തിക്കാൻ ഇവർക്കു മാത്രമെ സാധിക്കൂ.

കാഴ്ചപരിമിതി ഒരു കുറവല്ല.ജൻമനാ കണ്ണ് കാണാത്ത നമ്മുടെ നാട്ടുകാരൻ ചെസ് മൽസരത്തിൽ ഫസ്റ്റ് പ്രൈസ് നേടി പ്രധാന മന്ത്രിയുടെ കയ്യിൽനിന്നും ദേശീയ അവാർഡ് വാങ്ങുകയുണ്ടായി. ഈ വർഷത്തെ, വിദ്യാർഥികൾക്കുള്ള ഇന്ത്യയിലെ ഏറ്റവും വലിയ വിദ്യാഭ്യാസ അവാർഡായ NMMSന് എം.ജെ.എച്ച്.എസ് എളേറ്റിലിൽ പഠിക്കുന്ന, ജൻമനാ കാഴ്ച പരിമിതിയുള്ള ഫാത്തിമ ഹിബ എന്ന മിടുക്കി അർഹയായി. 2024ൽ കേരള സർക്കാറിന്റെ 'ഉജ്ജ്വല ബാല്യപുരസ്കാര'വും ഈ പ്രതിഭ നേടിയിട്ടുണ്ട്. മദ്റസാ സർഗവസന്തത്തിലും സംസ്ഥാന തലം വരെ മികവുറ്റ പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. സമൂഹത്തിന്റെ ഉയർച്ചക്ക് കാഴ്ചപരിമിതരും അംഗപരിമിതരും അവരുടെതായ പങ്ക് വഹിക്കുന്നുണ്ട്.

അവരെ ചേർത്തു പിടിക്കുകയും കൂടെ നിൽക്കുകയും ചെയ്യുക. അകക്കണ്ണിന്റെ വെളിച്ചംകൊണ്ട് അവർക്ക് ഈ സമൂഹത്തിൽ ചെയ്യാനുള്ള സേവനങ്ങൾക്കും ഉയർച്ചക്കും കാരണമാകുക. ■



കവിത

# എന്നുമ്മ

ഹുസ്ന പുലത്ത്

എൻ ആദ്യ കരച്ചിൽ കേട്ട നിമിഷം
ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരിയാലെ
എന്നധരത്തിൽ അമ്മിഞ്ഞമൃത് പകർന്നവൾ
ഞാൻ പിച്ചവച്ചു നടന്നതും വീണതും
'ഉമ്മാ' എന്നു ഞാനാദ്യം വിളിച്ചതും
കണ്ടും കേട്ടും ഉള്ളിൽ ചിരിച്ചും
ഉള്ളു പിടച്ചും നിർവൃതികൊണ്ടവൾ.
തൻ പശിയകറ്റാൻ കഴിയാത്തപ്പോഴും
എന്നെ വയറുനിറച്ചൂട്ടിയവൾ.
ആത്മസുഖങ്ങളും മോഹങ്ങളും
എന്നുയർച്ചക്കായ് വെടിഞ്ഞവൾ.
തിരിച്ചൊന്നുമാശിക്കാതെയെന്നെ
സ്നേഹത്തണലിൽ വളർത്തിയവൾ.
എനിക്കായ് പ്രാർഥനയാലെപ്പഴും
നാഥനിലേക്ക് കരമുയർത്തിയവൾ.
ഞാൻ കണ്ടൊരു കളങ്കമില്ലാഹൃദയം,
ഇല്ലതിനു സമാനമായാരുമെ.
പൂന്തെന്നൽ കണക്കെ തഴുകിത്തലോടും
പരിഭവമെല്ലാം ഉള്ളിലൊതുക്കും.
അമൃതകണമായെന്നുള്ളിൽ നിറയും
വറ്റാത്ത സ്നേഹസാഗരം എന്നുമ്മ.
അതിനു പകരമാകില്ലെങ്കിലും
പ്രാർഥിച്ചിടുന്നു ഞാൻ ഉമ്മാക്കു വേണ്ടി.
■

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قَالَ أَلَمْ نُرَبِّكَ فِينَا وَلِيدًا وَلَبِثْتَ فِينَا مِنْ عُمُرِكَ سِنِينَ ﴿١٨﴾

18 – 19

അവൻ (ഫിർഔൻ) പറഞ്ഞു: 'കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിയില്ലേ? നിന്റെ ആ യുസ്സിൽ കുറെ കൊല്ലങ്ങൾ ഞങ്ങളുടെ ഇടയിൽ നീ കഴിച്ചുകൂട്ടിയിട്ടുമുണ്ട്.'

وَفَعَلْتَ فَعْلَتَكَ الَّتِي فَعَلْتَ وَأَنتَ مِنَ الْكَافِرِينَ ﴿١٩﴾

'നീ ചെയ്ത നിന്റെ ആ (ദുഷ്) പ്രവൃത്തി നീ ചെയ്യുകയുമുണ്ടായി. നീ നന്ദികെട്ടവരുടെ കൂട്ടത്തിൽതന്നെയാകുന്നു.'

*(18-19). അങ്ങനെ അവർ രണ്ടുപേരും ഫിർഔനിന്റെ അടുത്തെത്തിയപ്പോൾ അല്ലാഹു നിർദേശിച്ചത് പ്രകാരം അവർ ഫിർഔനിനോട് പറഞ്ഞു. ഫിർഔൻ വിശ്വസിച്ചില്ല. അവരോട് അലിവ് കാണിച്ചതുമില്ല. മൂസാ നബിയെ എതിർക്കാൻ തുടങ്ങി. (അവൻ പറഞ്ഞു: 'കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിയില്ലേ?') അതായത് ഞങ്ങൾ നിങ്ങളോട് ഉദാരമനസ്കത കാണിച്ചില്ലേ. നീ ഒരു ശിശുവായിരുന്ന കാലം മുതൽ ഞങ്ങൾ നിന്നെ വളർത്തി. അത് കുറച്ചുകാലം തുടർന്നു. (നിന്റെ ആയുസ്സിൽ കുറെ കൊല്ലങ്ങൾ ഞങ്ങളുടെ ഇടയിൽ നീ കഴിച്ചുകൂട്ടിയിട്ടുണ്ട്. നീ ആ പ്രവൃത്തി ചെയ്യുകയുമുണ്ടായി) മൂസാ നബി ഖിബ്തിയെ കൊന്നതാണ് ഉദ്ദേശിക്കുന്നത്; അദ്ദേഹത്തോട് ശത്രുവിനെതിരെ സഹായം ചോദിച്ച സന്ദർഭത്തിൽ.*

هَٰذَا مِن شِيعَتِهِ وَهَٰذَا مِنْ عَدُوِّهِ ۖ فَاسْتَغَاثَهُ الَّذِي مِن شِيعَتِهِ عَلَى الَّذِي مِنْ عَدُوِّهِ فَوَكَزَهُ مُوسَىٰ فَقَضَىٰ عَلَيْهِ ۖ

*"അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനെതിരിൽ അദ്ദേഹത്തോട് സഹായം തേടി. അപ്പോൾ മൂസാ അവനെ മുഷ്ടി ചുരുട്ടി ഇടിച്ചു. അത് അവന്റെ കഥ കഴിച്ചു" (28:15).*

*(നീ നിഷേധികളുടെ കൂട്ടത്തിൽ തന്നെയാകുന്നു) അന്ന് നിന്റെ വഴി ഞങ്ങളുടെ വഴിയായിരുന്നു. അതായത് നിഷേധത്തിന്റെ മാർഗം. അങ്ങനെ ഫിർഔൻ അറിയാതെ അവൻ അവിശ്വാസിയാണെന്ന് സമ്മതിച്ചു.*

قَالَ فَعَلْتُهَا إِذًا وَأَنَا مِنَ الضَّالِّينَ ﴿٢٠﴾

20 – 21

അദ്ദേഹം (മൂസാ) പറഞ്ഞു: 'ഞാൻ അന്ന് അത് ചെയ്യുകയുണ്ടായി. എന്നാൽ ഞാൻ പിഴവ് പറ്റിയവരുടെ കൂട്ടത്തിലായിരുന്നു.'

فَفَرَرْتُ مِنكُمْ لَمَّا خِفْتُكُمْ فَوَهَبَ لِي رَبِّي حُكْمًا وَجَعَلَنِي مِنَ الْمُرْسَلِينَ ﴿٢١﴾

'അങ്ങനെ നിങ്ങളെപ്പറ്റി ഭയം തോന്നിയപ്പോൾ ഞാൻ നിങ്ങളിൽനിന്ന് ഓടിപ്പോയി. അനന്തരം എന്റെ രക്ഷിതാവ് എനിക്ക് തത്ത്വജ്ഞാനം നൽകുകയും അവൻ എന്നെ ദൂതൻമാരിൽ ഒരാളാക്കുകയും ചെയ്തു.'

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَيَّ أَنْ عَبَّدتَّ بَنِي إِسْرَائِيلَ ﴿٢٢﴾

22 'എനിക്ക് നീ ചെയ്തുതന്നതായി നീ എടുത്തുപറയുന്ന ആ അനുഗ്രഹം ഇസ്രാഈൽ സന്തതികളെ നീ അടിമകളാക്കിവെച്ചതിനാൽ ഉണ്ടായതത്രെ.'

*(20-22). അപ്പോൾ മൂസാ പറഞ്ഞു: (ഞാൻ അന്ന് അത് ചെയ്യുകയുണ്ടായി. എന്നാൽ ഞാൻ പിഴവ് പറ്റിയവരുടെ കൂട്ടത്തിലായിരുന്നു) നിഷേധത്തിലല്ല, മറിച്ച് വഴികേടും വിസ്മൃതിയും നിമിത്തം. പക്ഷേ, ഞാനെന്റെ രക്ഷിതാവിനോട് ക്ഷമ ചോദിക്കുകയും അവൻ എന്നോട് ക്ഷമിക്കുകയും ചെയ്തു. (അങ്ങനെ നിങ്ങളെപ്പറ്റി ഭയം തോന്നിയപ്പോൾ ഞാൻ നിങ്ങളിൽനിന്നും ഓടിപ്പോയി) അതിനാൽ എന്നെ കൊല്ലുന്ന കാര്യം നിങ്ങൾ ചർച്ച ചെയ്തപ്പോൾ ഞാൻ നിങ്ങളെ ഭയന്ന് ഓടിപ്പോയി. അങ്ങനെ ഞാൻ മദ്‌യനിയിലേക്ക് പലായനം ചെയ്യുകയും അവിടെ കുറെക്കാലം താമസിക്കുകയും ചെയ്തു. പിന്നീട് വീണ്ടും ഞാൻ നിങ്ങളുടെ അടുക്കൽ വന്നു. (എന്റെ രക്ഷിതാവ് എനിക്ക് തത്ത്വജ്ഞാനം നൽകുകയും അവൻ എന്നെ ദൂതന്മാരിൽ ഒരാളാക്കുകയും ചെയ്തു).*

*ചുരുക്കത്തിൽ, ഫിർഔൻ മൂസാനബിക്കെതിരെ ഉന്നയിച്ച തർക്കം അറിവില്ലായ്മയോ അറിവുകേട് അഭിനയിക്കുകയോ ആണ്. മൂസാ നബി(അ) പ്രവാചകനാകാൻ സാധ്യതയില്ലെന്നതിന് ഫിർഔൻ ഉന്നയിച്ച കാരണം അദ്ദേഹത്തിൽ നിന്ന് ഒരു കൊലപാതകം സംഭവിച്ചു എന്നതാണ്. അത് ബോധപൂർവം ചെയ്തതല്ലെന്നും പിഴവിൽ സംഭവിച്ചതാണെന്നും മൂസാ(അ) വ്യക്തമാക്കി ക്കൊടുത്തു. അല്ലാഹു അവന്റെ ഔദാര്യം തടയില്ല, പിന്നെന്തിനാണ് നിങ്ങൾ അല്ലാഹു തന്ന പ്രവാചകത്വത്തെയും ജ്ഞാനത്തെയും തടയുന്നത്? ഫിർഔനിന്റെ മറ്റൊരു വാദം: (കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിയില്ലേ?) ശരിയായി വിശകലനം ചെയ്താൽ അതും നിന്റെ ഔദാര്യമല്ല. അതാണ് മൂസാ നബി പറഞ്ഞത്: (എനിക്ക് നീ ചെയ്തുതന്നതായി നീ എടുത്തു പറയുന്ന അനുഗ്രഹം ഇസ്രാഈൽ സന്തതികളെ നീ അടിമകളാക്കി വെച്ചതിനാൽ ഉണ്ടായതത്രെ) നീ പറയുന്ന ഈ ഔദാര്യം ബനൂഇസ്രാഈല്യരെ അടിമകളാക്കി വെച്ചതുമൂലം സംഭവിച്ചതാണ്. അവരെ നീ അടിമകളാക്കി. നീ എന്നെയും അടിമയാക്കി. അതൊരു ഔദാര്യമായി നീ എടുത്തുപറയുകയും ചെയ്യുന്നു. യഥാർഥത്തിൽ കാര്യം വ്യക്തമാകുമ്പോൾ നീ ഈ ശ്രേഷ്ഠ ജനതയോട് അനീതി ചെയ്തു. അവരെ നീ പീഡിപ്പിച്ചു. എന്നെ അല്ലാഹു നിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷിച്ചു. എന്റെ ജനത അത് അനുഭവിക്കുകയും ചെയ്തു. ഇതെങ്ങനെ എന്നോട് ചെയ്ത ഔദാര്യമാകും?*

قَالَ فِرْعَوْنُ وَمَا رَبُّ الْعَالَمِينَ ﴿٢٣﴾

23 – 24

ഫിർഔൻ പറഞ്ഞു: 'എന്താണ് ഈ ലോകരക്ഷിതാവ് എന്ന് പറയുന്നത്?'

قَالَ رَبُّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا إِن كُنتُم مُّوقِنِينَ ﴿٢٤﴾

അദ്ദേഹം (മൂസാ) പറഞ്ഞു: 'ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവാകുന്നു; നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ.'

*23-24) (ഫിർഔൻ പറഞ്ഞു: 'എന്താണ് ഈ ലോക രക്ഷിതാവ് എന്ന് പറയുന്നത്?') മൂസാ നബി (അ) അല്ലാഹുവിനെ വിശേഷിപ്പിച്ചത് ശരിയാണെന്ന് ഫിർഔനിന് ഉറപ്പുണ്ടായിട്ടും അഹങ്കാരവും അക്രമവും നിമിത്തം അവൻ നിഷേധിച്ചു ചോദിക്കുകയാണ്. അപ്പോൾ മൂസാ നബി പറഞ്ഞു: (ആകാശങ്ങളുടെയും ഭൂമിയുടെ അവയ്ക്കിടയിൽ ഉള്ളതിന്റെയും രക്ഷിതാവാകുന്നു ) മുകളിലും താഴെയുമുള്ള മണ്ഡലങ്ങളെ സൃഷ്ടിക്കുകയും അവയെ എല്ലാവിധത്തിലും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവൻ. നിങ്ങളും അതിൽ ഉൾപ്പെടും. ഭൂമിയുടെയും ആകാശങ്ങളുടെയും സ്രഷ്ടാവിനെ നിങ്ങൾക്കെങ്ങനെ നിഷേധിക്കാനാവും? (നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ).*

25
قَالَ لِمَنْ حَوْلَهُۥٓ أَلَا تَسْتَمِعُونَ ﴿٢٥﴾

അവൻ (ഫിർഔൻ) തന്റെ ചുറ്റുമുള്ളവരോട് പറഞ്ഞു: 'എന്താ നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നില്ലേ?'

*25). എന്നാൽ ഫിർഔൻ തന്റെ ജനതയോട് ആശ്ചര്യം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: (എന്താ നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നില്ലേ?) ഈ മനുഷ്യൻ എന്താണ് പറയുന്നത്?*

26
قَالَ رَبُّكُمْ وَرَبُّ آبَآئِكُمُ ٱلْأَوَّلِينَ ﴿٢٦﴾

അദ്ദേഹം (മൂസാ) പറഞ്ഞു: 'നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവപിതാക്കളുടെ രക്ഷിതാവുമത്രെ (അവൻ).'

*26) മൂസാ പറഞ്ഞു: (നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവപിതാക്കളുടെ രക്ഷിതാവുമത്രെ) നിങ്ങൾക്ക് വിചിത്രമായി തോന്നിയാലും ഇല്ലെങ്കിലും നിങ്ങൾ അഹങ്കാരത്തോടെ പ്രതികരിച്ചാലും അംഗീകരിച്ചാലും ഇല്ലെങ്കിലും ശരി, അവൻ നിങ്ങളുടെയും നിങ്ങളുടെ പൂർവികരുടെയും നാഥനാണ്.*

27
قَالَ إِنَّ رَسُولَكُمُ ٱلَّذِىٓ أُرْسِلَ إِلَيْكُمْ لَمَجْنُونٌ ﴿٢٧﴾

അവൻ (ഫിർഔൻ) പറഞ്ഞു: 'നിങ്ങളുടെ അടുത്തേക്ക് നിയോഗിക്കപ്പെട്ട നിങ്ങളുടെ ഈ ദൂതനുണ്ടല്ലോ, തീർച്ചയായും അവൻ ഒരു ഭ്രാന്തൻ തന്നെയാണ്.'

*27). സത്യത്തെ ധിക്കാരത്തോടെ നിരാകരിച്ചുകൊണ്ട് അതുമായി വന്നവനെ അപമാനിച്ചുകൊണ്ട് ഫിർഔൻ പറഞ്ഞു: (നിങ്ങളുടെ അടുത്തേക്ക് നിയോഗിക്കപ്പെട്ട നിങ്ങളുടെ ഈ ദൂതൻ; തീർച്ചയായും അവൻ ഒരു ഭ്രാന്തൻ തന്നെയാണ്) ഞങ്ങൾ നിലകൊള്ളുന്നതിന് വിരുദ്ധമായതാണ് അദ്ദേഹം പറയുന്നത് എന്ന നിലയ്ക്കും ഞങ്ങളിൽനിന്നും വ്യത്യസ്തനുമാണ് എന്നതിനാലും ഞങ്ങൾ അദ്ദേഹത്തെ പിന്തുടർന്നതല്ല. ബുദ്ധിപരമെന്ന് അയാൾ പറയുന്നതും ബുദ്ധിയുള്ളവരുടെ അഭിപ്രായമായിട്ടുള്ളതും അവർ സൃഷ്ടിക്കപ്പെട്ടതല്ലെന്നും ആകാശഭൂമികൾ ആരും സൃഷ്ടിക്കാതെ തന്നെ അനാദിയായി നിലനിന്നിരുന്നു എന്നും അവരും അങ്ങനെത്തന്നെ സ്രഷ്ടാവില്ലാതെയാണ് ഉണ്ടായത് എന്നുമുള്ള വാദമാണ് അവർക്കുള്ളത്. ഇതാണ് അവർക്ക് ബുദ്ധിപരം. അവർ ഭ്രാന്തായി കാണുന്നതാകട്ടെ ഈ മണ്ഡലത്തിനും ഉപരിമണ്ഡലത്തിനും സ്രഷ്ടാവായ ഒരു രക്ഷിതാവ് ഉണ്ടെന്നും പ്രത്യക്ഷവും പരോക്ഷവുമായ ധാരാളം അനുഗ്രഹങ്ങൾ അവൻ തരുന്നുണ്ടെന്നും അവനെയാണ് ആരാധിക്കേണ്ടതെന്നും പറയുന്നതാണ്. ഈ വാദം അവന്റെ ജനതക്ക് ശരിയായി തോന്നി. അവർ വിഡ്ഢികളും യുക്തിഹീനരും ആയിരുന്നു*

فَٱسْتَخَفَّ قَوْمَهُۥ فَأَطَاعُوهُ ۚ إِنَّهُمْ كَانُوا۟ قَوْمًا فَٰسِقِينَ ﴿٥٤﴾

*"അങ്ങനെ ഫിർഔൻ തന്റെ ജനങ്ങളെ വിഡ്ഢികളാക്കി. അവർ അവനെ അനുസരിച്ചു. തീർച്ചയായും അവർ അധർമകാരികളായ ഒരുജനതയായിരുന്നു" (43:54).*



# അബുൽക്വാസിം അസ്സഹറാവി: ശസ്ത്രക്രിയയുടെ അധിപൻ

ഡോ. ടി. കെ. യൂസുഫ്
: 9349798262

936ൽ സ്പെയിനിൽ ജനിച്ച അബുൽ ക്വാസിം ഖലഫ് ബിൻ അബ്ബാസ് അസ്സഹറാവി അറബ് മുസ്‌ലിം സർജന്മാരിൽ ഏറെ പ്രശസ്തനാണ്. പതിനേഴാം നൂറ്റാണ്ടുവരെ ഈ രംഗത്തെ അധ്യാപനത്തിന്റെ അധിപനായിട്ടാണ് അദ്ദേഹം എണ്ണപ്പെടുന്നത്. ശസ്ത്രക്രിയയുടെ ഉപകരണങ്ങൾ സ്വന്തമായി വികസിപ്പിച്ചെടുത്ത അദ്ദേഹം Abulcasis എന്ന പേരിലാണ് യൂറോപിൽ അറിയപ്പെടുന്നത്. ശസ്ത്രക്രിയയുടെ മുമ്പ് രക്തസ്രാവം

നിയന്ത്രിക്കുന്നതിനുള്ള ചില മാർഗനിർദേശങ്ങൾ അദ്ദേഹം നൽകിയിരുന്നു.

എഡി 936ൽ സ്പെയിനിലെ 'സഹ്റ' എന്ന സ്ഥലത്താണ് അബുൽ ഖാസിം ജനിച്ചത്, സ്പെയിനിലെ ഇസ്‌ലാമിക നാഗരികത ഉത്തുംഗത പ്രാപിച്ച ഒരു കാലഘട്ടമായിരുന്നു അത്. കോർഡോവയിലെ ഒരു ആശുപത്രിയിൽ ജോലി ചെയ്തുകൊണ്ടാണ് അദ്ദേഹം തന്റെ ഔദ്യോഗിക കാലഘട്ടം ആരംഭിക്കുന്നത്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ശസ്ത്രക്രിയ ക്ഷുരകരും കൊമ്പ് വെക്കുന്നവരുമാണ് നിർവഹിച്ചിരുന്നത്. എന്നാൽ അവരിൽനിന്ന് അദ്ദേഹം അത് ഏറ്റെടുക്കുകയും ശസ്ത്രക്രിയയുടെ ഡോക്ടറായി അറിയപ്പെടുകയും ചെയ്തു. പതിനാറാം നൂറ്റാണ്ടുവരെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ് ഈ രംഗത്ത് അവലംബിക്കപ്പെട്ടിരുന്നത്. ശസ്ത്രക്രിയയിലൂടെ മാത്രം ധാരാളം രോഗങ്ങൾ സുഖപ്പെടുത്താൻ കഴിയുമെന്ന് ലോകത്തിന് ബോധ്യപ്പെടുത്തിക്കൊടുത്തത് അദ്ദേഹമാണ്. വ്യത്യസ്ത ശസ്ത്രക്രിയകൾ നടത്തുന്നതിന് ഇരുനൂറിലധികം ഉപകരണങ്ങൾ അദ്ദേഹം വികസിപ്പിച്ചെടുക്കുകയും അത് വൈദ്യശാസ്ത്രത്തിന് ഒരു മുതൽക്കൂട്ടായിത്തീരുകയും ചെയ്തു.

ശസ്ത്രക്രിയയെ ഒരു സ്വതന്ത്ര വിജ്ഞാനശാഖയായി വികസിപ്പിച്ചെടുത്തത് സഹറാവിയാണ്. 'ഗോസ്താഫ് ലെബ്ബൻ' അദ്ദേഹത്തെക്കുറിച്ച് പറയുന്നത് 'അറബികളിലെ സർജൻ' എന്നാണ്. മൂത്രാശയക്കല്ലുകൾ പുറത്തെടുക്കാൻ അദ്ദേഹം കണ്ടെത്തിയ മാർഗം ഇന്നും പിന്തുടരപ്പെടുന്നുണ്ട്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിലും അദ്ദേഹത്തിന്റെ ശസ്ത്രക്രിയാ പ്രാവീണ്യത്തെക്കുറിച്ച്




പരാമർശിക്കുന്നുണ്ട്. ദന്ത പരിചരണ രംഗത്ത് കേടുവന്ന പല്ലുകൾ പറിച്ചെടുക്കാനുള്ള സഹറാവിയുടെ ഉപകരണങ്ങൾ വളരെ ഫലപ്രദമാണ്. നവജാത ശിശുക്കളുടെ മൂത്രദ്വാര അടവ് പരിഹരിക്കുന്ന ഉപകരണവും ഗർഭാശയത്തിൽ വെച്ച് മരണപ്പെട്ട ശിശുക്കളെ പുറത്തെടുക്കാനുള്ള ഉപകരണങ്ങളും പ്രത്യേകം ശ്രദ്ധേയമാണ്. ശസ്ത്രക്രിയാ രംഗത്ത് അദ്ദേഹം തന്റെ ശിഷ്യരെ ഉപദേശിച്ചിരുന്നത് വളരെ സൂക്ഷ്മമായും കാര്യക്ഷമമായും നിർവഹിക്കേണ്ട ഒരു ദൗത്യമാണ് ശസ്ത്രക്രിയ എന്നാണ്.

**ഇബ്നു അബീ അസീബിഅ**

ദമസ്കസിലെ കൊട്ടാര വൈദ്യനായിരുന്ന അൽഹകീം അൽഖസ്റജിയുടെ മകനായി 1200ലാണ് അബുൽ അബ്ബാസ് മുവഫ്ഫകുദ്ദീൻ എന്ന് പേരുള്ള ഇദ്ദേഹം ജനിച്ചത്. രാജാക്കന്മാരുമായി ബന്ധമുള്ള ഒരു കുടുംബത്തിൽ ജനിച്ചതുകൊണ്ട് കൈറോയിലെയും ദമസ്കസിലെയും പ്രസിദ്ധരായ പണ്ഡിതരിൽ നിന്ന് വിദ്യ

അഭ്യസിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. വൈദ്യത്തിലെ പ്രാഥമിക പഠനങ്ങൾ അദ്ദേഹം തന്റെ പിതാവിൽനിന്ന് തന്നെയാണ് കരസ്ഥമാക്കിയത്. സാഹിത്യം, ചരിത്രം, വൈദ്യം എന്നീ മൂന്ന് മേഖലകളിലും അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു എങ്കിലും ചികിത്സക്കും വൈദ്യശാസ്ത്ര രചനക്കുമാണ് അദ്ദേഹം പ്രാമുഖ്യം കൽപിച്ചത്. 'ഉയൂനുൽ അൻബാഅ് ഫിത്ത്വബകാതിൽ അതിബ്ബാഅ്' എന്ന ഗ്രന്ഥമാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്. വൈദ്യസിദ്ധാന്തങ്ങൾ പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടതാകണമെന്നാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്.

**ഇബ്നു സുഹർ; സ്പെയിനിലെ പ്രതിഭ**

ഹിജ്റ ആറാം നൂറ്റാണ്ടിൽ യൂറോപ്പ് അജ്ഞതാന്ധകാരത്തിലായിരിക്കെ സ്പെയിനിലെ മുസ്‌ലിംകൾ പുരോഗതിയുടെ ഉത്തുംഗതയിലായിരുന്നു. വൈദ്യശാസ്ത്രത്തിലും തത്ത്വചിന്തയിലുമായിരുന്നു അവർ ഏറ്റവും കൂടുതൽ മികവ് കാണിച്ചിരുന്നത്. തന്നെയുമല്ല, ഓരോ ഭിഷഗ്വരനും ഒരേസമയം തത്ത്വചിന്തകനും ദാർശനികനും വൈദ്യനുമായിരുന്നു. സ്പെയിനിൽ വൈദ്യശാസ്ത്രത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയത് അബൂ മർവാൻ അബ്ദുൽ മലിക് ബിൻ സുഹർ അൽഅന്തുലൂസിയായിരുന്നു. റാസിക്ക് ശേഷം ക്ലിനിക്കൽ മെഡിസിന്റെ ഏറ്റവും മഹത്തായ അധിപനായിരുന്നു അദ്ദേഹം. എഡി 1072ലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് പ്രസിദ്ധ മതപണ്ഡിതനും ഭിഷഗ്വരനായിരുന്നു. അദ്ദേഹത്തിന്റെ മകനും പിതാവിനെ പോലെ പ്രസിദ്ധനായിത്തീർന്നു. വൈദ്യശാസ്ത്രത്തിലെ പ്രാവീണ്യം നിമിത്തം പല പ്രദേശങ്ങളിൽനിന്നും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കാൻ വിദ്യാർഥികൾ സ്പെയിനിലേക്ക് വന്നിരുന്നു.

**ശസ്ത്രക്രിയയെ ഒരു സ്വതന്ത്ര വിജ്ഞാനശാഖയായി വികസിപ്പിച്ചെടുത്തത് സഹറാവിയാണ്. 'ഗോസ്റ്റാഫ് ലെബ്വൻ' അദ്ദേഹത്തെക്കുറിച്ച് പറയുന്നത് 'അറബികളിലെ സർജൻ' എന്നാണ്. മൂത്രാശയ കല്ലുകൾ പുറത്തെടുക്കാൻ അദ്ദേഹം കണ്ടെത്തിയ മാർഗം ഇന്നും പിന്തുടരപ്പെടുന്നുണ്ട്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിലും അദ്ദേഹത്തിന്റെ ശസ്ത്രക്രിയാ പ്രാവീണ്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.**

**വൈജ്ഞാനിക സംഭാവനകൾ**

'അത്തയ്സീർ ഫിൽ മുദാവാത്' എന്ന, അദ്ദേഹത്തിന്റെ ഗ്രന്ഥം ശാസ്ത്രീയ വൈദ്യത്തിൽ മുസ്‌ലിംകൾ രചിച്ചതിൽ ഏറ്റവും പ്രസിദ്ധമാണ്. മനുഷ്യശരീരത്തിലെ ആന്തരികാവയവങ്ങളെ കുറിച്ചും അവയുടെ രോഗങ്ങളെ കുറിച്ചും വളരെ വിശദമായിത്തന്നെ അതിൽ പ്രതിപാദിക്കുന്നുണ്ട്. 'കിതാബുത്തദ്കിറ,' 'കിതാബുൽ അദ്‌വിയ' എന്നീ ഗ്രന്ഥങ്ങളും പ്രസിദ്ധമാണ്. ശാസ്ത്രീയ പരീക്ഷണങ്ങളെ അവലംബിക്കുന്ന ചികിത്സാരീതിയായതുകൊണ്ട് മുൻഗാമികൾ പഠന വിധേയമാക്കാത്ത പല രോഗങ്ങളും അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. ശ്വാസകോശ രോഗങ്ങളെ കുറിച്ച് പഠിച്ച അദ്ദേഹമാണ് ശ്വാസനാളത്തിൽ ആദ്യമായി ശസ്ത്രക്രിയ നടത്തിയത്. പുസ്തകം വായിച്ച് ലഭിക്കുന്ന അറിവുകൊണ്ട് മാത്രം ചികിത്സിക്കാതെ പരീക്ഷണം നടത്താൻ അദ്ദേഹം ശിഷ്യന്മാരോട് ഉപദേശിച്ചിരുന്നു.

*(തുടരും)*



# ജനവിധിയിലെ തിരിച്ചറിവുകൾ

നബീൽ പയ്യോളി
: +966 55 771 0981

നിയമസഭാ തിരഞ്ഞെടുപ്പിൽ പ്രീപോളുകളെയും എകിസ്റ്റ് പോളുകളെയും വിദഗ്ധ നിരീക്ഷണങ്ങളെയും അപ്രസക്തമാക്കിയ വിജയമാണ് യുഡിഎഫ് നേടിയത്. കേരള ചരിത്രത്തിൽ ഏറ്റവുമധികം ഭൂരിപക്ഷം ലഭിക്കുന്ന മുന്നണി ഭരിക്കുന്നു എന്ന പ്രത്യേകത ഈ തിരഞ്ഞെടുപ്പ് റിസൾട്ടിനുണ്ട്. ജനമനസ്സ്ഭരണ മുന്നണിക്ക് വിരുദ്ധമായിരുന്നു എന്നതാണ് പരാജയകാരണമായി പൊതുവെ വിലയിരുത്തപ്പെടുന്നത്. ജനഹിതം മനസ്സിലാക്കാൻ സാധിക്കില്ലെന്ന തുറന്നുപറച്ചിലുകൾ ഇടതുനേതാക്കളിൽനിന്നും ഉണ്ടാകുന്നത് ഈ പശ്ചാത്തലത്തിലാണ്. ജനവികാരത്തെ മനസ്സിലാക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും ഇടതുപക്ഷത്തിന് സാധ്യമായില്ല എന്നതുകൊണ്ട് തന്നെ ജനങ്ങൾ അവർക്കെതിരെ വോട്ട് ചെയ്തു, യുഡിഎഫ് ഭരണം ഉറപ്പിച്ചു.

**നിലപാടിലെ കൃത്യത**

വിവാദ വിഷയങ്ങളിൽ ഉചിതമായ നിലപാടെടുക്കുക എന്നത് വലിയ പ്രയാസകരമായ കാര്യമാണ്. എല്ലാവരെയും തൃപ്തിപ്പെടുത്തി നിലപാടെടുക്കുക എന്നത് അസാധ്യമാണ്. നിഷ്പക്ഷം എന്നൊന്നില്ല,

**എല്ലാവരെയും തൃപ്തിപ്പെടുത്തി നിലപാടെടുക്കുക എന്നത് അസാധ്യമാണ്. നിഷ്പക്ഷം എന്നൊന്നില്ല, മറിച്ച് കൃത്യമായ പക്ഷത്ത് അഥവാ ശരിയുടെ പക്ഷത്ത് ചേർന്ന് നിൽക്കുക എന്നതാണ് പ്രധാനം. അവിടെ പൊതുവെ പൊതുപ്രവർത്തകർ പരാജയപ്പെടാറാണ് പതിവ്. അതിൽനിന്നും വിപരീതമായി ഏത് കൊടുങ്കാറ്റ് വന്നാലും നിലപാടിൽ മാറ്റം വരുത്തില്ല, അതെന്റെ ബോധ്യത്തിൽനിന്നും എടുത്തതാണ് എന്ന ഉറച്ച ശബ്ദം വേറിട്ട അനുഭവമായി കേരളം കണ്ടു. അനീതിക്കെതിരെയും വർഗീയ വിഷങ്ങൾക്കെതിരെയും നോ പറയാനും ശക്തമായ നിലപാടുകൾ ഉയർത്തിപ്പിടിക്കാനും സാധിച്ചു എന്നതാണ് പ്രതിപക്ഷ നേതാവിനെ ജനം അത്രമേൽ സ്വീകരിക്കാൻ കാരണമായത് എന്നതാണ് യാഥാർഥ്യം.**

മറിച്ച് കൃത്യമായ പക്ഷത്ത് അഥവാ ശരിയുടെ പക്ഷത്ത് ചേർന്ന് നിൽക്കുക എന്നതാണ് പ്രധാനം. അവിടെ പൊതുവെ പൊതുപ്രവർത്തകർ പരാജയപ്പെടാറാണ് പതിവ്. അതിൽനിന്നും വിപരീതമായി ഏത് കൊടുങ്കാറ്റ് വന്നാലും നിലപാടിൽ മാറ്റം വരുത്തില്ല, അതെന്റെ ബോധ്യത്തിൽനിന്നും എടുത്തതാണ് എന്ന ഉറച്ച ശബ്ദം വേറിട്ട അനുഭവമായി കേരളം കണ്ടു. അനീതിക്കെതിരെയും വർഗീയ വിഷങ്ങൾക്കെതിരെയും നോ പറയാനും ശക്തമായ നിലപാടുകൾ ഉയർത്തിപ്പിടിക്കാനും സാധിച്ചു എന്നതാണ് പ്രതിപക്ഷ നേതാവിനെ ജനം അത്രമേൽ സ്വീകരിക്കാൻ കാരണമായത് എന്നതാണ് യാഥാർഥ്യം. വർഗീയതയിൽ കലങ്ങിമറിയാറുള്ള തിരഞ്ഞെടുപ്പ് രംഗത്തെ ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയതക്ക് കൂട്ടുനിൽക്കില്ല എന്ന തെളിഞ്ഞ നിലപാട് സ്വീകരിച്ചതിനാൽ പ്രബുദ്ധ ജനത കൂടെ നിന്നു. വർഗീയതയോട് നോ പറയേണ്ടത് നമുക്ക് വേണ്ടി മാത്രമല്ല നാളെയുടെ തലമുറയുടെ സമാധാന ജീവിതത്തിനു വേണ്ടി കൂടിയാണ് എന്ന സന്ദേശം ഇളംതലമുറയും പഴയ തലമുറയും ഉൾക്കൊണ്ടു. നിലപാടെടുക്കേണ്ടതും അത് ഉറക്കെ പ്രഖ്യാപിക്കേണ്ടതുമായ ഘട്ടത്തിൽ ഒട്ടും അമാന്തം കാണിക്കാതെ, പൂർണമായ ബോധ്യത്തോടെ അതിനു തയ്യാറാകണം; സമൂഹത്തിന് ബോധ്യമാകുന്ന വിധം ക്രിസ്റ്റൽ ക്ലിയറായിത്തന്നെ.

സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന മത-സാമൂഹിക കൂട്ടായ്മകളെ അർഹമായ പരിഗണനയോടെ ചേർത്തുനിർത്തുന്നതോടൊപ്പം അവരുടെ അപരവിദ്വേഷ ചിന്തകൾക്ക് വഴങ്ങില്ലെന്ന നിലപാടിന്റേതു കൂടിയാണ് ഈ തിരഞ്ഞെടുപ്പ് വിജയം. മലപ്പുറത്തെയും മുസ്‌ലിം സമൂഹത്തെയും നിരന്തരം നാവുകൊണ്ട് കടന്നാക്രമിക്കുന്ന വെള്ളാപ്പള്ളി നടേശനെ തള്ളിപ്പറയാൻ കാണിച്ച ആർജവം സമാധാന കാംക്ഷികളുടെ പിന്തുണക്ക് കാരണമായെന്നതിൽ സംശയമില്ല. മുസ്‌ലിം-ക്രിസ്ത്യൻ സമൂഹങ്ങളെ തമ്മിലടിപ്പിക്കാൻ പണിയെടുത്ത സംഘപരിവാർ കുതന്ത്രങ്ങളെ തകർത്തുകളയുന്നവിധം മലയാളികൾ വോട്ടവകാശം ഉപയോഗപ്പെടുത്തിയത് അഭിമാനകരമാണ്.

### നമ്മൾ ഒരു ടീം

'ഞാൻ' അല്ലാതെ മാറ്റാരുണ്ട് എന്നു ചിന്തിക്കുന്ന സാമൂഹിക പരിസരത്ത് 'നമ്മൾ ഒരുമിച്ചാണ്' എന്ന ശബ്ദമുയർന്നത് ഈ തിരഞ്ഞെടുപ്പിലെ വിജയത്തിന്റെ പ്രധാന ഘടകമാണ്. മനുഷ്യർ വ്യത്യസ്ത കഴിവുകളുള്ളവരാണ്. ഒരാൾ വിചാരിച്ചാൽ മാത്രം മാറ്റം സാധ്യമല്ലെന്ന് ചരിത്രത്താളുകൾ നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. 'ഞാൻ' അല്ല 'നമ്മുടെ ടീം' ആണ് കാര്യങ്ങൾ ചെയ്യുന്നതെന്ന് പ്രഖ്യാപിക്കുന്നത് സമൂഹത്തിന് നൽകുന്ന ആത്മവിശ്വാസവും പ്രതീക്ഷയും ചെറുതല്ല. ഓരോരുത്തരും അവരവരുടെ ഭാഗധേയം നിർവഹിക്കുന്ന മനോഹരമായ ചങ്ങലയിൽ ഞാനുമുണ്ടെന്ന് ജനം തീരുമാനിക്കുകയായിരുന്നു. ചാനൽ മുറികളിലെ ജഡ്ജിമാരും നിരീക്ഷണ വിദഗ്ധരും പ്രവചന സിംഹങ്ങളും അമ്പേ പരാജയപ്പെട്ടത് ഈ ടീം സ്പിരിറ്റ് തിരിച്ചറിയാൻ സാധിക്കാത്തതുകൊണ്ടാണ്. മനുഷ്യൻ ചേർത്തുനിർത്തലിനോട് ചേർന്നുനിൽക്കുന്നവനാണ്. വീട്ടിൽ പോയി ചോദിക്കാൻ പറയുന്ന ധിക്കാരസ്വരത്തോട് അകലം പാലിക്കാനേ സാധാരണക്കാർക്ക് കഴിയൂ.

ചുറ്റുമുള്ളവരെ ബോധപൂർവം ചേർത്ത് നിർത്തുകയും അവർക്ക് അർഹമായ ഇടം നൽകുകയും അവരുടെ പ്രതീക്ഷകളും പ്രത്യാശകളും ആകുലതകളും അഭിപ്രായങ്ങളും കേൾക്കാനും പരിഗണിക്കാനും

തയ്യാറായാൽ ലക്ഷ്യത്തിലേക്കുള്ള കരുത്തായി അവർ ഊർജസ്വലരായി പ്രവർത്തിക്കും. നമുക്ക് കൂടുതൽ ശക്തമായ ടീം ഉണ്ടാവുകയും അതുവഴി ഫലപ്രദമായി ലക്ഷ്യപ്രാപ്തി നേടുകയും ചെയ്യാം. ഈ തിരഞ്ഞെടുപ്പിൽ മത്സരിക്കണമെന്ന് ജനങ്ങൾ ആഗ്രഹിച്ച പലരും ഇടത്-വലത് മുന്നണികളിലൂടെ സ്ഥാനാർഥി ലിസ്റ്റിൽ ഉണ്ടായിരുന്നില്ല. അർഹരായ ധാരാളം പേരുള്ളപ്പോൾ അങ്ങനെ സംഭവിക്കുക സ്വാഭാവികം. അങ്ങനെ അവസരം ലഭിക്കാതെ പോയവരെ കൂടെ നിർത്തി പോരാടാൻ സാധിച്ചു എന്നത് ലീഡർഷിപ്പിന്റെ വിജയമാണ്.

**വികസന കാഴ്ചപ്പാടുകൾ**

നാടിന്റെ സ്പന്ദനം മനസ്സിലാക്കിയും ഓരോ മേഖലയിലെയും സാധ്യതകളെ ഉപയോഗപ്പെടുത്തിയുമുള്ള ജനകീയ വികസന കാഴ്ചപ്പാടുളെയാണ് പി.ആർ വർക്കുകൾക്കപ്പുറം ജനം സ്വീകരിച്ചത്. വിദ്യാർഥി കളും തൊഴിലാളികളും സംരംഭകരും കർഷകരും അടക്കമുള്ള സമൂഹത്തെ മുഴുവൻ പരിഗണിച്ച് വികസന സാധ്യതകളെ ഗൗരവപൂർവം അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നതും ജനങ്ങളുടെ പിന്തുണക്ക് ആക്കം കൂട്ടി. ക്ഷേമ പ്രവർത്തനങ്ങളും വികസനവും ഒരേപോലെ കൊണ്ടുപോകാൻ സാധിക്കണം. പണം ഏതാനും പേരുടെ കൈകളിൽ മാത്രം കറങ്ങേണ്ടതല്ല; സമൂഹത്തിൽ അത് നിർബാധം കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടേയിരിക്കണം.

പണം എത്രമേൽ സ്വതന്ത്രമായി കൈമാറ്റം ചെയ്യപ്പെടുന്നുവോ അതിനനുസരിച്ച് സമ്പദ്‌വ്യവസ്ഥ ശക്തമാവും. ഈ ബോധ്യത്തിൽനിന്നും സാമ്പത്തിക വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കപ്പെടുക എന്നതാണ് ഇന്നിന്റെ ആവശ്യം. അഴിമതിയും ധൂർത്തും അധികാര കേന്ദ്രീകരണവും ഏറെക്കാലം ജനങ്ങൾ വെച്ചുപൊറുപ്പിക്കില്ല. ഭക്ഷണം, വസ്ത്രം, പാർപ്പിടം, തൊഴിൽ, ആരോഗ്യസംരക്ഷണം, വിനോദം, സമാധാനാന്തരീക്ഷം തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ നിർവഹിക്കപ്പെടുമ്പോഴാണ് ഒരു സർക്കാർ ജനങ്ങളുടെ സർക്കാരായി മാറുന്നത്. അവകാശങ്ങളെ ഔദാര്യങ്ങളായി അവതരിപ്പിക്കുന്ന പ്രവണത അഭിമാനബോധമുള്ളവർക്ക് അംഗീകരിക്കാവതല്ല.

**വിശ്വാസികളും മതനിരപേക്ഷതയും**

ഇന്ത്യൻ മതനിരപേക്ഷതയുടെ പ്രത്യേകത അത് എല്ലാറ്റിനെയും ഒരുപോലെ ഉൾകൊള്ളുന്നു എന്നതുതന്നെയാണ്. സംഘപരിവാർ പ്രത്യയശാസ്ത്രം വൈവിധ്യങ്ങളെ ചേർത്തുപിടിക്കുന്ന ഇന്ത്യൻ മതനിരപേക്ഷതയുടെ അന്തസ്സിനെ തിരസ്കരിക്കുകയാണ് ചെയ്യുന്നത്. ഉയർന്ന ജനാധിപത്യ-മതനിരപേക്ഷ ബോധവും വിദ്യാഭ്യാസ സാംസ്കാരിക നിലാവാരവും പുലർത്തുന്ന മലയാളികൾക്ക് ഇതിനോട് സമരസപ്പെടുക സാധ്യമല്ല. വർഗീയതയെ വോട്ടാക്കി മാറ്റാനുള്ള അവരുടെ കുൽസിത ശ്രമങ്ങളെയും മലയാളികൾ ചെറുത്തുതോൽപിച്ച ഒന്നായി ഈ തിരഞ്ഞെടുപ്പിനെ നോക്കിക്കാണേണ്ടതുണ്ട്. മതമില്ലാത്ത ജീവനുകളല്ല, മതവിശ്വാസത്തിന് ജീവനെക്കാൾ വിലകൽപിക്കുന്നവരാണ് കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും. അതുകൊണ്ട് തന്നെ വിശ്വാസി സമൂഹത്തെ അവഗണിക്കാനും അപരവൽക്കരിക്കാനും അജണ്ടകൾ നെയ്യാൻ ശ്രമിക്കുന്ന ഭരണകൂടത്തെ തിരുത്താൻ ജനം തീരുമാനിച്ചത് വോട്ടെടുപ്പിൽ പ്രതിഫലിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ വോട്ടുകൾ ഏകീകരിച്ചു എന്ന പതിവ് പല്ലവികൾക്ക് ഇടമില്ലാത്തവിധം സർവ ജനവിഭാഗങ്ങളും തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തിയ തിരഞ്ഞെടുപ്പാണ് കഴിഞ്ഞത്.

**തിരിച്ചറിവ് നയിക്കട്ടെ**

പുതിയ സർക്കാർ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരേണ്ടതുണ്ട്, പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കണം. മുമ്പത്തെക്കാളുപരി സോഷ്യൽ ഓഡിറ്റിംഗ് ശക്തമായി ഇന്നുണ്ട്. ജനം പ്രതികരിക്കുമെന്ന ബോധ്യമുണ്ടാവണം. സമൂഹത്തിലെ മുഴുവൻ ജനവിഭാഗങ്ങളെയും ഒരേപോലെ പരിഗണിക്കാനും ചേർത്തുനിർത്താനും പുതിയ സർക്കാരിന് ബാധ്യതയുണ്ട്. നിലപാടുകളിൽ വെള്ളം ചേർക്കാതെ തെളിമയാർന്ന ഭരണമാണ് ജനം ആഗ്രഹിക്കുന്നത്. ജനഹിതം മറന്ന് അധികാര വടംവലിയും അഴിമതിയും സ്വജനപക്ഷപാതവും ഉണ്ടാവാതിരിക്കാനുള്ള ജാഗ്രത അനിവാര്യമാണ്. വലിയ പ്രതീക്ഷയോടെ ജനം നൽകിയ അംഗീകാരത്തെ ഉത്തരവാദിത്ത ബോധത്തോടെ കൈകാര്യം ചെയ്യണം. 'നമ്മൾ ജയിച്ചതല്ല, ജനം ജയിപ്പിച്ചതാണ്' എന്ന വാചകം ചെവികളിൽ സദാ മുഴങ്ങിക്കൊണ്ടിരിക്കണം. അതിനനുസരിച്ച് കർമപദ്ധതികൾ നടപ്പിലാക്കി ജനകീയ സർക്കാരായി മാറണം. സംഘപരിവാറിന് അടിയറവെച്ച ആഭ്യന്തര വകുപ്പും സർക്കാർ ഉദ്യോഗസ്ഥരും ഇനി ഉണ്ടാകാതിരിക്കാൻ ജാഗ്രതവേണം. കഴിഞ്ഞ കാലങ്ങളിൽ

**അപരവിദ്വേഷ ചിന്തകൾക്ക് വഴങ്ങില്ലെന്ന നിലപാടിന്റെതു കൂടിയാണ് ഈ തിരഞ്ഞെടുപ്പ് വിജയം. മലപ്പുറത്തെയും മുസ്‌ലിം സമൂഹത്തെയും നിരന്തരം നാവുകൊണ്ട് കടന്നാക്രമിക്കുന്ന വെള്ളാപ്പള്ളി നടേശനെ തള്ളിപ്പറയാൻ കാണിച്ച ആർജവം സമാധാന കാംക്ഷികളുടെ പിന്തുണക്ക് കാരണമായെന്നതിൽ സംശയമില്ല. മുസ്‌ലിം-ക്രിസ്ത്യൻ സമൂഹങ്ങളെ തമ്മിലടിപ്പിക്കാൻ പണിയെടുത്ത സംഘപരിവാർ കുതന്ത്രങ്ങളെ തകർത്തുകളയുന്ന വിധം മലയാളികൾ വോട്ടവകാശം ഉപയോഗപ്പെടുത്തിയത് അഭിമാനകരമാണ്.**

നടന്ന അഴിമതികളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ ഉറപ്പാക്കണം. എന്നാൽ മാറിവരുന്ന സർക്കാരുകൾ പരമ്പരാഗതമായി ചെയ്തുവരുന്ന അന്യായമായ രാഷ്ട്രീയ പകപോക്കൽ സംഭവിച്ചുകൂടാ. സത്യവും നീതിയും കൈവിടരുത്. അക്ഷരാർഥത്തിൽ ജനാധിപത്യം പൂത്തുലഞ്ഞ വിധിയിൽ പാഠം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകാൻ ഭരണ-പ്രതിപക്ഷ കക്ഷികൾ തയ്യാറാകണം. ഇടതുപക്ഷവും ഞങ്ങളാണ് ഇടതുപക്ഷം എന്ന് പറയുന്ന വരും ഗൗരവതരമായ ഇടപെടൽ നടത്തുന്ന കേരളത്തെയാണ് ജനം ആഗ്രഹിക്കുന്നത്. അതാണ് നമ്മുടെ ഭാവിയുടെ പ്രതീക്ഷ. മൂന്ന് ഇടങ്ങളിലുണ്ടായ ജാഗ്രതക്കുറവ് മൂലം സംഘപരിവാർ ജയിച്ചുകയറിയ സാഹചര്യത്തെ സഗൗരവം പഠിച്ച് ഇനി അത്തരം അബദ്ധം ആവർത്തിക്കില്ലെന്നു തീരുമാനിക്കണം.

**തമിഴ്നാട് വിധി**

രാജ്യത്ത് സംഘപരിവാറിന് മുമ്പിൽ സധൈര്യം പോരാടിയ സ്റ്റാലിന്റെ കക്ഷിയുടെ പരാജയം നമ്മെ നിരാശപ്പെടുത്തിയതാണ്. പകരം വന്ന വിജയ് ജനാധിപത്യത്തോട് ചേർന്ന് നിൽക്കും എന്നാണ് പ്രതീക്ഷ. അതുകൊണ്ട് തന്നെയാണ് ബിജെപിക്ക് ഇടം കൊടുക്കാതെ, മറ്റൊരു തിരഞ്ഞെടുപ്പിന് അവസരം നൽകാതെ വിജയ് നേതൃത്വം നൽകിയ ഭരണകൂടത്തിന് ഭരിക്കാനുള്ള കേവല ഭൂരിപക്ഷം ഉറപ്പാക്കാൻ ഇന്ത്യാസഖ്യം അതിവേഗം തീരുമാനിച്ചത്. ജനാധിപത്യവും ഫാസിസവും തമ്മിലുള്ള വൈര്യത്തിൽ സംഘപരിവാറിന് ഇടം നൽകാതിരിക്കാനുള്ള ജാഗ്രത പ്രതീക്ഷ നൽകുന്നതാണ്. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയടക്കം പങ്കെടുത്ത വിജയിയുടെ സത്യപ്രതിജ്ഞാ ചടങ്ങ് രാജ്യത്തെ സംഘ്പരിവാർ വിരുദ്ധതയുടെ അടയാളപ്പെടുത്തലായി. ഫെഡറൽ സംവിധാനത്തെ അട്ടിമറിച്ച് സംസ്ഥാന ഭരണത്തെ ഞെരിച്ചുകൊല്ലുന്ന മോഡി-ഷാ കൂട്ടുകെട്ടിനെ സർവസജ്ജരായി നേരിടാൻ വിജയിക്ക് എത്രത്തോളം സാധിക്കുന്നു എന്നത് പ്രധാനമാണ്. പ്രത്യയശാത്ര അടിത്തറയില്ലാതെ താരപരിവേഷത്തിൽ സംഘടിച്ച ടിവികെക്ക് ജനാധിപത്യ-മതനിരപേക്ഷത സംരക്ഷണവും വർഗീയ-ഫാസിസ്റ്റ് വിരുദ്ധതയും എത്രമേൽ ശക്തമായി നടപ്പിലാക്കാൻ സാധിക്കുമെന്നത് പ്രതീക്ഷയോടെ കാത്തിരിക്കാം.

**ബംഗാളിലെ വോട്ട് ചോരി**

പശ്ചിമ ബംഗാൾ തിരഞ്ഞെടുപ്പിനെ ജനാധിപത്യവിശ്വാസികൾ ശ്വാസമടക്കിപ്പിടിച്ചാണ് കണ്ടത്. സംഘപരിവാർ സർവസന്നാഹങ്ങളും ഉപയോഗിച്ച് തിരഞ്ഞെടുപ്പിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്ന് തൃണമൂൽ കോൺഗ്രസ്സ് തുടക്കം മുതൽതന്നെ പറഞ്ഞതാണ്. എസ്.ഐ.ആർ നടപ്പിലാക്കി അത് സാധ്യമാക്കിയിരിക്കുകായാണ് അവരിപ്പോൾ. മമതാ ബാനർജി തോറ്റതടക്കം തിരഞ്ഞെടുപ്പ് അട്ടിമറി നടന്നതായി പ്രതിപക്ഷം ഇതിനോടകം തന്നെ ആരോപിച്ചുകഴിഞ്ഞു. റിസൾട്ട് വന്ന ഉടനെത്തന്നെ ബംഗാൾ തിരഞ്ഞെടുപ്പിൽ നടന്ന ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ച് പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി സാമൂഹ്യ മാധ്യമങ്ങളിൽ പറഞ്ഞത് സങ്കുചിത രാഷ്ട്രീയ താൽപര്യങ്ങൾക്കപ്പുറം ബംഗാൾ തെരഞ്ഞെടുപ്പിലെ അട്ടിമറികൾക്കെതിരെ മമതയോടൊപ്പം ചേർന്ന് പ്രതികരിക്കാം എന്നതാണ്. പ്രതിപക്ഷ കക്ഷികൾ ഒന്നടങ്കം ഈ അനീതിക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കാൻ മുന്നോട്ട് വരണം എന്ന മമതയുടെ ആഹ്വാനവും പ്രതീക്ഷ നൽകുന്നതാണ്.

രാജ്യത്ത് ജനാധിപത്യത്തെ കശാപ്പ് ചെയ്യാനുള്ള ശ്രമങ്ങൾക്കെതിരെ അഭിപ്രായ വ്യതാസങ്ങൾ മറന്ന് ഒന്നിച്ചിറങ്ങാൽ സംഘപരിവാർ വിരുദ്ധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാവേണ്ടതുണ്ട്. ഒരുമിച്ച് നിന്നാൽ മാത്രമെ ശത്രുവിനെ നിഷ്പ്രഭമാക്കാൻ സാധ്യമാവൂ എന്ന തിരിച്ചറിവോടെ കൂടുതൽ വിവേകത്തോടെ നിയമ-ജനാധിപത്യ വഴികളിലൂടെ രാജ്യത്തെ സംരക്ഷിക്കാൻ പ്രതിപക്ഷ കക്ഷികൾക്ക് സാധ്യമാവട്ടെ എന്ന് പ്രത്യാശിക്കാം. ■




# കേരളം മതനിരപേക്ഷമാണ്

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

നമ്മുടെ സംസ്ഥാനത്ത് പുതിയൊരു സർക്കാർ അധികാരത്തിൽ വന്നിരിക്കുകയാണ്. അതിനായി വോട്ടു ചെയ്തവരും വിജയിച്ച ജനപ്രതിനിധികളും എതിരായി വോട്ട് ചെയ്തവരുമെല്ലാം ശ്രദ്ധിക്കേണ്ട സുപ്രധാനമായ ചില കാര്യങ്ങളുണ്ട്; ചിന്തിക്കേണ്ട ചില കാര്യങ്ങളുണ്ട്.

**വെറുപ്പുൽപാദകരെ നിലയ്ക്കു നിർത്തുക**

അധികാരം ഉത്തരവാദിത്തമാണ്. അത് കൃത്യമായി നിർവഹിക്കേണ്ടതുണ്ട്. വിദ്വേഷമില്ലാത്ത ഒരു സാമൂഹ്യാന്തരീക്ഷം കേരളത്തിൽ ഉറപ്പുവരുത്തുക എന്നത് എക്കാലത്തെയും ഭരണാധികാരികളുടെ നിർബന്ധമായ ബാധ്യതയാണ്. നമ്മുടെ രാജ്യം ഏതെങ്കിലും ഒരു മതവിഭാഗം മാത്രം താമസിക്കുന്നതല്ല. നമ്മുടെത്

ഒരു ബഹുസ്വര സമൂഹമാണ്. അതുകൊണ്ടുതന്നെ പരസ്പരം വിദ്വേഷവും വെറുപ്പുമുണ്ടാക്കും വിധം ദുസ്സൂചനകൾ കൊടുത്ത്, അവൻ കുഴപ്പമാണ്, അവർ അധികാരത്തിൽ വന്നാൽ പ്രശ്നങ്ങളുണ്ടാക്കും എന്നൊക്കെയുള്ള സംസാരങ്ങളും ചർച്ചകളും കമന്റുകളും എവിടെനിന്നെല്ലാം വരുന്നുവോ അതിനെ നിഷ്കരുണം ഇല്ലാതാക്കുവാനുള്ള ഇച്ഛാശക്തി ഗവൺമെന്റിനുണ്ടാകണം. ധാരാളം മത്സ്യങ്ങൾ നീന്തിത്തുടിക്കുന്ന ഒരു ജലാശയത്തിൽ ആരും കാണാതെ രാത്രി ഒരാൾ വിഷം കലക്കുന്നതിനു സമാനമാണ് എല്ലാ മതവിഭാഗങ്ങളും ഒരുമിച്ച് സന്തോഷത്തോടുകൂടി ജീവിക്കുന്ന രാജ്യത്ത് ഇവർ ചെയ്യുന്നത്.

ഓരോ ദിവസവും ചാനലുകളിലൂടെയും മറ്റും പ്രസ്താവനകൾ കൊണ്ട് വിഷം കലക്കുകയാണ് ചിലർ. അങ്ങനെ വിഷം കലക്കുന്നവരുടെ കൈ തട്ടിമാറ്റുക എന്നത് ഭരിക്കുന്നവരുടെ ഉത്തരവാദിത്തമാണ്.

**ആരോടും അനീതിയരുത്**

എല്ലാ ജനവിഭാഗങ്ങളോടും നീതി കാണിക്കണം. ഒരിക്കലും ഏതെങ്കിലും ഒരു വിഭാഗത്തോട് അനീതി കാണിച്ചുകൂടാ. ഏതെങ്കിലും വ്യക്തിയോടോ സംഘത്തോടോ വെറുപ്പോ വിരോധമോ ഉണ്ട് എന്നതിന്റെ പേരിൽ അവരോട് ഒരു കാരണവശാലും അനീതി കാണിക്കാൻ പാടില്ല.

'നിന്നെ വിശ്വസിച്ചവന് നീ അമാനത്ത് നിറവേറ്റിക്കൊടുക്കുക' എന്ന നബിവചനം ഏറെ പ്രസക്തമാണ്. 'ചതിച്ചവനെ തിരിച്ച് ചതിക്കാൻ പാടില്ല' എന്നും പ്രവാചകൻ പറഞ്ഞതായി കാണാം. ആർക്കും ഇപ്പറഞ്ഞതിനോട് എതിർപ്പുണ്ടാകുമെന്ന് തോന്നുന്നില്ല. എന്നാൽ അത് പ്രാവർത്തികമാക്കുവാൻ കഴിയുക ധാർമിക ബോധമുള്ളവർക്കാണ്.

**ജനങ്ങളുമായുള്ള ബന്ധം നിലനിർത്തുക**

ജനങ്ങളുമായി ബന്ധമുണ്ടാവുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ വീടുകളിലും കയറിച്ചെന്ന് കൈ കൊടുത്ത് വോട്ട് ചോദിച്ചവരാണ് ജയിച്ചവരും തോറ്റവരും. അവരാണ് ജയിപ്പിച്ചു വിട്ടത്. ആ സാധുമനുഷ്യന്മാർ എന്തെങ്കിലും ആവശ്യവുമായി ജനപ്രതിനിധികളെ കാണാൻ വരുമ്പോൾ അവർക്ക് മുഖം കൊടുക്കാനും അവരുടെ കൈ പിടിക്കാനും കഴിയണം. അതിലാണ് ജനപ്രതിനിധികളുടെ വിജയം. എന്റെ കാര്യം സാധിച്ചുകിട്ടിയല്ലോ, ഇനി ഇവരെ എന്തിനു പരിഗണിക്കണം എന്ന നിലപാടാണെങ്കിൽ അത് ജനവഞ്ചനയാണ്. വോട്ടിലൂടെ ജനങ്ങൾ പകരം വീട്ടുകതന്നെ ചെയ്യും. ജനപ്രതിനിധികൾ ജനങ്ങൾക്ക് അവരുടെ വിളിപ്പുറത്തുണ്ടാവുക എന്നത് ഭരണം ഉണ്ടാകുമ്പോഴും അല്ലാത്തപ്പോഴും വളരെ പ്രധാനപ്പെട്ട കാര്യമാണ്.

**വിവാദങ്ങൾ വിളിച്ചുവരുത്തരുത്**

എല്ലാം വിവാദത്തിന് വിട്ടുകൊടുത്ത് ഒടുവിൽ പരിഹാരം കാണുന്ന രീതി ഒരിക്കലും ശരിയല്ല. കൃത്യമായ ഹോംവർക്കുകൾ നടത്തണം. വിവാദങ്ങൾ വിളിച്ചുവരുത്താൻ പാടില്ല. ഓരോ വിഷയത്തിനുമുള്ള പോളിസികൾ വളരെ പ്രധാനമാണ്. എതിർക്കുക എന്നത് എളുപ്പമുള്ള കാര്യമാണ്. പക്ഷേ, നന്നായി ഭരിച്ചു മുന്നോട്ടു പോവുക എന്നത് വളരെ ശ്രമകരമായ ദൗത്യമാണ്. അതിന് യാഥാർഥ്യബോധം വേണം. കൃത്യമായ പഠനങ്ങൾ വേണം. അടിസ്ഥാന ജനവിഭാഗത്തെ കണ്ടുകൊണ്ടുള്ള നിയമനിർമാണങ്ങളും പോളിസിയും ഉണ്ടാവുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

**ജനപ്രതിനിധി ചക്രവർത്തിയല്ല**

ജനങ്ങളെ ഭരിക്കുന്ന ചക്രവർത്തിയെയല്ല; ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന സേവകന്മാരെയാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ജനങ്ങളെ ഭരിക്കുകയല്ല വേണ്ടത്, അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വേണ്ടത് ചെയ്തുകൊടുക്കുകയാണ്. 'ഖാദിമുൽ ഹറമൈനി' (ഇരു ഹറമുകളുടെയും സേവകൻ) എന്നാണ് സൗദി അറേബ്യയിലെ രാജാവ് വിശേഷിപ്പിക്കപ്പെടുന്നത്. ആ പേരിൽ അറിയപ്പെടാനാണ് അവർ ആഗ്രഹിക്കുന്നത്. ഇതൊരു കാഴ്ചപ്പാടാണ്.

**മതനിരപേക്ഷമൂല്യങ്ങളുടെ വിജയം**

കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പ് വിജയം ഏതെങ്കിലും ഒരു വിഭാഗത്തിന്റെ സങ്കുചിതമായ വിജയമല്ല, മറിച്ച് നാടിന്റെ മതനിരപേക്ഷമൂല്യങ്ങളുടെ വിജയമാണ്. വിവിധ സമുദായങ്ങൾ പരസ്പര വിശ്വാസത്തോടെയും സ്നേഹത്തോടെയും കൈകോർത്തതിന്റെ ഫലമാണിതെന്ന് നാം തിരിച്ചറിയണം.

മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽനിന്ന് ക്രൈസ്തവ പ്രതിനിധികളെയും ക്രൈസ്തവ ഭൂരിപക്ഷ മേഖലകളിൽനിന്ന് മുസ്‌ലിം

പ്രതിനിധികളെയും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഭൂരിപക്ഷമുള്ള മണ്ഡലങ്ങളിൽനിന്ന് ഹൈന്ദവ പ്രതിനിധികളെയും വോട്ടർമാർ വിജയിപ്പിച്ചത് ഇതിന് തെളിവാണ്. ഈ പ്രതിനിധികളെ ഏതെങ്കിലും ഒരു മതത്തിന്റെ ആളുകളായല്ല, നാടിന്റെ പൊതുവായ മതനിരപേക്ഷ നേതാക്കളായി കാണാൻ നമുക്ക് കഴിയണം.

**മതത്തിന്റെ പ്രതിനിധികളല്ല**

മതമോ ജാതിയോ നോക്കിയിട്ടല്ല ജനാധിപത്യബോധമുള്ള മലയാളികൾ വോട്ടു ചെയ്യുന്നത്. അങ്ങനെ ചെയ്യുന്നവർ വളരെ ചെറിയ ന്യൂനപക്ഷം മാത്രമാണ്. സ്വസ്ഥമായ ജീവിതത്തിനും നാടിന്റെ വികസനത്തിനും ജനങ്ങളെ ഒന്നിച്ചുകൊണ്ടുപോകുവാനും ആർക്കാണ് കഴിയുക എന്നാണ് ജനങ്ങൾ നോക്കുന്നത്. എല്ലാ മതവിഭാഗങ്ങൾക്കും അവരവരുടെ മതം അനുസരിച്ചുകൊണ്ട് സ്വസ്ഥമായി സഹകരണത്തോടുകൂടി ജീവിക്കാനുള്ള ഒരു സാമൂഹ്യാന്തരീക്ഷം ഇവിടെ ഉണ്ടാകണമെന്ന ആഗ്രഹത്തോടുകൂടിയാണ് ഇവിടെ എല്ലാവരും വോട്ട് ചെയ്തിരിക്കുന്നത്. ആ കാര്യം ഭരിക്കുന്ന ആളുകളും ശ്രദ്ധിക്കേണ്ടതുണ്ട്.

മതനിരപേക്ഷമായിത്തന്നെ നമ്മൾ, ജയിച്ച വ്യക്തികളെയും പാർട്ടികളെയും കാണണം. ക്രിസ്ത്യൻ പേരുള്ള ഒരു ജനപ്രതിനിധി ജയിച്ച് നിയമസഭയിലേക്ക് എത്തിക്കഴിഞ്ഞാൽ അദ്ദേഹം ഉൾക്കൊള്ളുന്ന സമുദായത്തിന് ഭരണഘടനാനുസൃതമായിട്ടുള്ള എന്തെങ്കിലും ഒരു കാര്യം ചെയ്തുകൊടുത്താൽ ക്രിസ്ത്യാനികൾക്ക് മാത്രമായി എന്തോ അനർഹമായി ചെയ്തുകൊടുത്തു, അവരെ പ്രീണിപ്പിച്ചു എന്ന ആക്ഷേപമുയരുന്നു. ഒരു മുസ്‌ലിം ജനപ്രതിനിധി അദ്ദേഹം പ്രതിനിധീകരിക്കുന്ന ജനവിഭാഗത്തിന് ഭരണഘടനാനുസൃതമായ ഒരു അവകാശം നേടിക്കൊടുത്താൽ അയാൾ മുസ്‌ലിം സമുദായത്തിന് അനർഹമായി നേട്ടമുണ്ടാക്കിക്കൊടുക്കുന്നു എന്ന നരേറ്റീവ് ഉണ്ടാക്കുന്നതും ശരിയല്ല. ഒരു ഹൈന്ദവ ജനപ്രതിനിധി താനുൾക്കൊള്ളുന്ന സമുദായത്തിന് അർഹമായ വല്ലതും നേടിക്കൊടുത്താലും അതിന്റെ പേരിൽ ആക്ഷേപിച്ചുകൂടാ.

**മുസ്‌ലിം മൂർഖൻ പാമ്പോ?**

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പ് ഫലം വന്നയുടൻ ചില ദോഷൈകദൃക്കുകൾ രംഗത്തുവന്ന് മുസ്‌ലിമായതിനാൽ ഇന്ന വകുപ്പ് കൊടുത്തുകൂടാ, മുസ്‌ലിം ആ വകുപ്പ് കൈകാര്യം ചെയ്താൽ ശരിയാവില്ല, മുസ്‌ലിമിന് മുഖ്യമന്ത്രിയാകാൻ യോഗ്യതയില്ല എന്നൊക്കെ പ്രസ്താവനയിറക്കിയത് നമ്മൾ കണ്ടു.

മുസ്‌ലിംകൾ മൂർഖൻ പാമ്പുകളാണോ? അവർ ഈ രാജ്യത്ത് ജീവിക്കുന്ന സമാധാന കാംക്ഷികളായ ജനവിഭാഗമാണ്. ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ചോരയും നീരും കൊടുത്ത തലമുറയുടെ പിൻമുറക്കാരാണവർ. മറ്റുള്ളവർക്കുള്ള അവകാശം പോലെ ഇവിടെ മുസ്‌ലിംകൾക്കും അവകാശമുണ്ട്. എന്നാൽ ഒട്ടേറെ കാരണങ്ങളാൽ അവർ സമൂഹത്തിൽ പിന്നാക്കക്കാരായി മാറിയിട്ടുണ്ട്. ആ പിന്നാക്കാവസ്ഥ പരിഹരിക്കാനാണ് ഭരണകൂടം സംവരണം ഏർപ്പെടുത്തിയത്. അത് ഭരണഘടനാനുസൃതമാണ്. ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങളിൽ പെട്ടതാണ്. ഭരണഘടനാനുസൃതമായി ഓരോ സമുദായത്തിനും അർഹതപ്പെട്ടത് നേടിക്കൊടുക്കേണ്ട ചുമതല ഭരണാധികാരികൾക്കുണ്ട്. അത് ചെയ്യുമ്പോഴേക്കും മുസ്‌ലിംകൾക്ക് വാരിക്കോരി കൊടുക്കുന്നേ, ഹിന്ദുക്കളെ മാത്രം പരിഗണിക്കുന്നേ, ക്രിസ്ത്യാനികൾക്ക് കൊടുക്കുന്നേ എന്ന് വിളിച്ചുകൂവി മതവിഭാഗങ്ങൾക്കിടയിൽ പരസ്പരം അകൽച്ചയും വിദ്വേഷവും വളർത്താൻ ശ്രമിക്കുന്നവരുണ്ട്. അതിൽ വല്ലാതെ ആനന്ദം കണ്ടെത്താൻ ശ്രമിക്കുന്ന ചില മാധ്യമങ്ങളുമുണ്ട്. അവർ ആ കുത്സിത ശ്രമം അവസാനിപ്പിച്ച് യാഥാർഥ്യത്തിന്റെ കൂടെ നിൽക്കേണ്ടതുണ്ട്. സോഷ്യൽ മീഡിയയിലൂടെയുള്ള തെറ്റിദ്ധരിപ്പിക്കലും അവസാനിപ്പിക്കണം. അങ്ങനെയുള്ള എഴുത്തുകളെ നമ്മൾ നിരുത്സാഹപ്പെടുത്തണം.

ഭരണഘടനാപരമായ അവകാശങ്ങൾ ഏതെങ്കിലും ഒരു ജനവിഭാഗത്തിന് ലഭ്യമാക്കുമ്പോൾ അതിനെ 'പ്രീണന'മായി മുദ്രകുത്തുന്ന പ്രവണത മാറേണ്ടതുണ്ട്. മുസ്‌ലിം സമുദായത്തിന് അർഹതപ്പെട്ട അവകാശങ്ങൾ പോലും നൽകാതിരിക്കാൻ തുടക്കം മുതലേ പ്രത്യേക നരേറ്റീവുകൾ സൃഷ്ടിച്ചെടുത്ത് ഭരണകർത്താക്കളെ സമ്മർദത്തിലാക്കാനുള്ള ചിലരുടെ അജണ്ട തുടക്കത്തിലേ തിരിച്ചറിഞ്ഞ് പ്രതിരോധിക്കണം. എല്ലാവരെയും ഒരുപോലെ പരിഗണിക്കാനും അർഹമായത് നൽകാനും ഭരണകൂടത്തിന് സാധിക്കണം. ഈ നാടിന്റെ ഐക്യവും സമാധാനവും കാത്തുസൂക്ഷിക്കാൻ ഉത്തരവാദപ്പെട്ടവർക്ക് വലിയ ബാധ്യതയുണ്ടെന്ന ബോധ്യം സമുദായ നേതാക്കൾ അടക്കമുള്ള ഓരോരുത്തരിലും ഉണ്ടാകട്ടെ. ■



# വേദന എനിക്കു മാത്രമോ?

ബിസ്മിത.എം
സൽസബീൽ അറബിക് കോളേജ്, വെങ്കിടങ്ങ്

പലവിധ വേദനകളെക്കുറിച്ചാണ് മനുഷ്യർക്കെല്ലാം പരാതി. ഞാനാണ് ഏറ്റവും കൂടുതൽ വേദന യനുഭവിക്കുന്നതെന്ന് ഓരോരുത്തരും കരുതുന്നു. യഥാർഥത്തിൽ ഈ ലോകത്ത് വേദനയനുഭവിക്കാത്തവരായി ആരാണുള്ളത്? വേദനകളും ദുഃഖങ്ങളും സങ്കടങ്ങളും വേവലാതികളുമെല്ലാം മനുഷ്യസഹജം തന്നെ.

ജീവിതത്തിലേക്ക് കടന്നുവരുന്ന കഷ്ടപ്പാടുകളെ ഏതു രീതിയിലാണ് മനുഷ്യൻ തിരിച്ചറിയുന്നത് എന്നതിലാണ് പലരും വ്യത്യസ്തമാകുന്നത്. എന്റെ നഷ്ടങ്ങളും വേദനകളുമെല്ലാം പടച്ചവന്റെ പരീക്ഷണ മാണെന്നും എന്നോടുള്ള അവന്റെ പ്രത്യേക സ്നേഹമാണെന്നും തിരിച്ചറിയുന്നവനാണ് വിശ്വാസി. കാരണം, സഹനത്തിനും ക്ഷമക്കും അത്രമാത്രം പ്രതിഫലമാണ് റബ്ബിന്റെ വാഗ്ദാനം. എന്നാൽ നിരന്തര മായി കടന്നുവരുന്ന കഷ്ടപ്പാടുകളും വേദനകളും നഷ്ടങ്ങളും താങ്ങാൻ കഴിയാതെ ചിലർ തകർന്നു പോകുന്നു. അവർ മഹാന്മാരായ പ്രവാചകന്മാരുടെ ചരിത്രത്തിൽനിന്നും സച്ചരിതരായ മുൻഗാമികളിൽ നിന്നും പാഠം പഠിക്കേണ്ടതുണ്ട്. അതിതീവ്രമായ പരീക്ഷണങ്ങൾ നേരിട്ട സന്ദർഭങ്ങളിൽ ഉദാത്തമായ സഹനം കാണിച്ച് മാതൃകയായവരാണവർ.

നാം മനസ്സിലാക്കുക; ഇന്നുള്ള വേദനകൾ ശാശ്വതമല്ല. ഇന്നിന്റെ സുഖങ്ങളോ സന്തോഷങ്ങളോ ശാശ്വതമല്ല. എല്ലാം പൊടുന്നനെ അസ്തമിക്കും. നഷ്ടങ്ങൾ പേറി ജീവിക്കുമ്പോഴാണ് പലതിന്റെയും വില നാം തിരിച്ചറിയുക. അങ്ങനെയാണ് ജീവിതത്തിന്റെ യാഥാർഥ്യങ്ങളിലേക്ക് നാം കടന്നുചെല്ലുക.

പരീക്ഷണങ്ങൾ മനുഷ്യനെ തളർത്തവാനുള്ളതല്ല; ഇനിയുള്ള ജീവിതത്തിൽ മുന്നേറുവാനും സ്വർഗത്തിനുവേണ്ടി പരിശ്രമിക്കുവാനുള്ള താക്കോലാണ്. അത് മനസ്സിലാക്കാതെ പോകുന്നിടത്താണ് മനുഷ്യൻ തകർന്നുപോകുന്നത്. ലോകത്തുള്ള മനുഷ്യരെല്ലാം പലരീതിയിൽ പല പ്രശ്നങ്ങളാൽ വേദനിക്കുന്നവരാണ്. അതിനെയെല്ലാം ക്ഷമയോടെ നേരിടാനും പോസിറ്റീവായി കാണുവാനും സാധിക്കുമ്പോഴാണ് നിരാശയില്ലാതെ ജീവിക്കാനാവുക. അപ്പോഴാണ് ചുണ്ടിൽ പുഞ്ചിരി വിരിയുക.

പരീക്ഷണങ്ങൾ മനുഷ്യജീവിതത്തിന്റെ ഭാഗമാണ്; അത് പലർക്കും പലവിധത്തിലാകാം എന്നു മാത്രം. അല്ലാഹു ക്വുർആനിൽ ഇക്കാര്യം നമ്മെ അറിയിക്കുന്നുണ്ട്: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (2:155).

ക്ഷമാശീലരായ വിശ്വാസികൾ പരീക്ഷണഘട്ടങ്ങളിൽ എടുക്കുന്ന നിലപാട് എന്തായിരിക്കുമെന്ന് ശേഷം അല്ലാഹു വ്യക്തമാക്കുന്നു: "തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്കു തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും" (2:156).

ക്ഷമ കൈക്കൊണ്ട് ജീവിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്ന ഭാഗ്യവാന്മാരാണ് എന്ന സന്തോഷവാർത്ത അല്ലാഹു അറിയിക്കുന്നു: "അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ" (2:157). ■




# നിർഭയത്വത്തിന്റെ മാർഗം

മുഹ്സിന ചിറക്കൽപടി

ലോകത്തിതെന്തെല്ലാം കാഴ്ചകൾ കാണുന്നു,
ലോകം ഇന്നിതെങ്ങോട്ടു പോകുന്നു?
യുദ്ധക്കൊതിയൻമാർ താണ്ഡവമാടുന്നു
ലോകത്തിലാകെയും ഭീതി പരക്കുന്നു.
നൊന്തു പ്രസവിച്ച മക്കളെയോർത്ത്
നോവേറെ തിന്നു കഴിയുന്നിതമ്മമാർ.
മാതാപിതാക്കൾക്കു വാർധക്യമായാൽ
വൃദ്ധസദനത്തിൽ കൊണ്ടുപോയ് തള്ളുന്നു.
താങ്ങും തണലുമായ് മാറേണ്ട ദാമ്പത്യ
ബന്ധങ്ങൾ നോവായ്, കനലായി മാറുന്നു.
യൗവനം ലഹരിക്കടിമയായ് മാറുന്നു
തല്ലിയും കൊന്നും പകപോക്കി നീങ്ങുന്നു.
അൽപക്കബന്ധങ്ങൾ പാടെ നശിക്കുന്നു
കൂടെപ്പിറപ്പുകൾ തമ്മിലടിക്കുന്നു.
മാരണം, ജ്യോതിഷം പിടിമുറുക്കീടുന്നു,
കപടരാം സിദ്ധർ തൻ ചൂഷണമേറുന്നു.
ഇവ്വിധം വഴികേടിലാകാതിരിക്കാൻ
ഏകനാം സ്രഷ്ടാവിൻ മാർഗെ ചരിക്കണം.
പ്രാർഥന അവനോടു മാത്രമായീടണം
പാടില്ലയർഥന മറ്റൊന്നിനോടും.
റബ്ബിന് തന്നെ സമർപ്പിച്ചവർക്കല്ലോ
സ്വസ്ഥതയാർന്നതാമിരുലോക ജീവിതം.
അറിയുക, ആരാധ്യനില്ലെന്ന് വേറെ;
സൃഷ്ടിച്ച റബ്ബവനല്ലാതെയാരും.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 23 May 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-


# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

വാദി അൽ ഹിക്മ,
മിനി ഊട്ടി, മലപ്പുറം

WISDOM
ISLAMIC ORGANIZATION

جــامعة الــــهند الإســــلامية
JAMIA AL-HIND AL-ISLAMIYYA

2026-27 ബാച്ചുകളിലെ
വിവിധ കോഴ്സുകളിലേക്കുള്ള

## രജിസ്ട്രേഷൻ തുടരുന്നു

**മഅ്ഹദുല്ലുഗ / +1,+2**

- മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ സിലബസുമായി ഏകോപിപ്പിച്ച് രൂപീകരിക്കപ്പെട്ട സിലബസ്
- വിശുദ്ധ ഖുർആൻ 4 ജുസ്അ് ഹിഫ്ദും, ഇംഗ്ലീഷ്, ഉറുദു പഠനവും ഉൾകൊള്ളുന്നു.
- +1,+2 ഹ്യുമാനിറ്റീസ്

**കുല്ലിയ്യ / Degree**

- അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന മൂന്ന് വർഷ കുല്ലിയ്യ.
- വിശുദ്ധ ഖുർആൻ 6 ജുസ്അ് ഹിഫ്ള്, ചെറു ഗ്രന്ഥങ്ങളുടെ മനഃപ്പാഠം എന്നിവ ഉൾപ്പെടുന്നു.
- BA അറബിക് / BA ഇംഗ്ലീഷ് / etc ഡിഗ്രികൾ കൂടെ കരസ്ഥമാക്കുന്നു

APPLY ONLINE
www.jamiaalhind.com | info@jamiaalhind.com



**അപേക്ഷ ക്ഷണിച്ച കോഴ്സുകൾ**

- മഅ്ഹദുല്ലുഗ (Boys & Girls)
  +1, +2 ഹ്യുമാനിറ്റീസ്
- കുല്ലിയ്യ (ഡിഗ്രി)
  കുല്ലിയ്യത്തുദ്ദഅ്വ
  കുല്ലിയ്യത്തുൽ ഹദീസ്
  കുല്ലിയ്യത്തുശ്ശരീഅഃ
  കുല്ലിയ്യത്തുൽ ബനാത് (Girls)
- തഖസ്സുസ് (പി.ജി.)

FOR MORE
BOYS CAMPUS : 9961 725 725
GIRLS CAMPUS : 8078 536 796

SCAN ME!

- പ്രധാന കോഴ്സുകളിലെ പഠനം, താമസം ഭക്ഷണം എന്നിവ പൂർണ്ണമായും സൗജന്യം
- PG വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻ്റ്
- ലോക പ്രശസ്ത വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് അവസരം ഒരുക്കുന്നു